കേരള സർക്കാർ

# എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൻെറ ഭരണ റിപ്പോർട്ട്

## 1983-84

എറണാകുളം ഗവൺമെൻറ് പ്രസ്സിൽനിന്നും ഗവൺമെൻറ് പ്രസ്സുകളുടെ സൂപ്രണ്ടിനാൽ അച്ചടിപ്പിക്കപ്പെട്ടത്

1985

# എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ്
# വകുപ്പിന്റെ ഭരണ റിപ്പോർട്ട്

**1983–84**

68/675—1

©
കേരള സർക്കാർ
1965

ആസൂത്രണ സാമ്പത്തിക (ബി) വകുപ്പ്

ജി.ഒ. ആർ.ടി. 445/84/പ്ലാനിംഗ്, തിരുവനന്തപുരം,
തീയതി 11-7-1984.

സംഗ്രഹം.—എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൻെറ 1983-84-ലെ ഭരണറിപ്പോർട്ട്—പ്രത്യവലോകനം ചെയ്തു.

പരാമർശം.—19-6-1984-ലെ എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടറുടെ പി.ബി. 3-3220/83/ഡി.ഇ. എസ്.-ാം നമ്പർ കത്ത്.

## ഉത്തരവ്

1. രേഖപ്പെടുത്തി.

2. റിപ്പോർട്ടുവർഷത്തിൽ ശ്രീ. കെ. രാമവർമ്മ വകുപ്പിൻെറ ഡയറക്ടറായിരുന്നു. അദ്ദേഹത്തെ ഭരണകാര്യങ്ങളിൽ സഹായിക്കുവാൻ ഒരു അഡ്മിനിസ്ട്രേറ്റീവ് ഓഫീസറും സാങ്കേതിക കാര്യങ്ങളിൽ സഹായിക്കുവാൻ മൂന്ന് അഡീഷണൽ ഡയറക്ടർമാരും ഉണ്ടായിരുന്നു.

3. (1) കാർഷിക സ്ഥിതിവിവരക്കണക്ക് (ടി. ആർ. എസ്.).—1975-76-ൽ ആരംഭിച്ച കാർഷിക സ്ഥിതിവിവരക്കണക്ക് പദ്ധതിയനുസരിച്ച് ആറുവർഷംകൊണ്ട് സംസ്ഥാനത്തെ എല്ലാ വില്ലേജുകളിൽനിന്നും കാർഷിക സ്ഥിതിവിവരക്കണക്കു ശേഖരണം പൂർത്തിയാക്കി. അഞ്ചു വർഷംകൊണ്ട് അവസാനിക്കുന്ന രണ്ടാം ഘട്ടം 1981-82-ൽ ആരംഭിക്കുകയും 1982-83 കാർഷിക വർഷത്തിൽ അതിൻെറ ഭാഗമായി ഇരുപതുശതമാനം വില്ലേജുകളിൽ സർവ്വേ നടത്തുകയുണ്ടായി.

1983-84-ലെ ഭൂവിനിയോഗത്തിൻെറയും ജലസേചനത്തിൻെറയും ഓരോ വിളയും കൃഷി ചെയ്ത സ്ഥലത്തിൻെറയും വിവരങ്ങൾ ശേഖരിച്ചുവരുന്നു. വിരിപ്പ്, മുണ്ടകൻ എന്നീ കാലങ്ങളിലുള്ള ഹ്രസ്വകാല വിളകളുടെ വിവരങ്ങൾ ശേഖരിച്ചു. നെൽകൃഷി ചെയ്ത സ്ഥലത്തിൻെറ വിസ്തൃതിയും ഉൽപാദിപ്പിച്ച നെല്ലിൻെറയും കണക്ക് തയ്യാറാക്കിവരുന്നു. ഉൽപാദനത്തോത് നിർണ്ണയിക്കുന്നതിനായി നെല്ല്, മരച്ചീനി, തെങ്ങ്, കമുക്, കശുമാവ്, കുരുമുളക്, കൊക്കോ, മാവ്, പ്ലാവ്, ഏത്തവാഴ, മററിനം വാഴ എന്നിവയ്ക്ക് വിളവെടുപ്പു പരീക്ഷണങ്ങൾ നടത്തിവരുന്നു. ഇതിൽ വിരിപ്പ്, മുണ്ടകൻ നെൽകൃഷികളുടെ വിളവെടുപ്പു പരീക്ഷണങ്ങൾ കഴിഞ്ഞു. മററു വിളവുകളുടേത് നടന്നുകൊണ്ടിരിക്കുന്നു. 1981-82-ലെ കാർഷിക സ്ഥിതിവിവര പട്ടിക പ്രസിദ്ധീകരിച്ചു. 1982-83-ൽ ശേഖരിച്ച വിവരങ്ങൾ അപഗ്രഥിച്ചുകൊണ്ടിരിക്കുന്നു.

കാർഷിക സ്ഥിതിവിവരങ്ങൾ ശേഖരിക്കുന്നതിനായി തിരഞ്ഞെടുത്തിട്ടുള്ള എല്ലാ വില്ലേജുകളിലും ഈ വർഷവും സമാന്തര സാമ്പിൾസർവേ പദ്ധതി നടപ്പാക്കുകയുണ്ടായി. 1982-83-ൽ ഇപ്രകാരം നടത്തി ശേഖരിച്ച വിവരങ്ങൾ ക്രോഡീകരിച്ചുകൊണ്ടിരിക്കുന്നു.

സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ പെയ്ത മഴയുടെ വിവരങ്ങൾ ശേഖരിച്ച് പൂനയിലെ ഒബ്സർവേറ്ററി ഡപ്യൂട്ടി ഡയറക്ടർക്ക് അയച്ചു കൊടുത്തു. ഈ പദ്ധതിയുടെ 50 ശതമാനം ചിലവ് ഇൻഡ്യാ ഗവൺമെൻറാണ് വഹിക്കുന്നത്.

4. കാർഷിക സെൻസസ്.— 1980-81-ൽ ആരംഭിച്ചു. സെൻസസ് പ്രധാനമായി രണ്ടു ഘട്ടങ്ങളിലായിട്ടാണ് നടത്തിയത്. 1. മെയിൻ സെൻസസും 2. നിവേശ പര്യവേഷണവും (ഇൻപുട്ട് സർവേ). റിപ്പോർട്ടു വർഷത്തിൽ, കഴിഞ്ഞവർഷം മെയിൻ സെൻസസിനും നിവേശപര്യവേഷണത്തിനുംവേണ്ടി ശേഖരിച്ച വിവരങ്ങളുടെ ടാബുലേഷൻ ജോലിയാണ് പ്രധാനമായും നടന്നത്. ഇതിൽ മെയിൻ സെൻസസിൻെറ ടാബുലേഷൻ പൂർത്തിയാക്കുകയും ആവശ്യമായ പട്ടിക തയ്യാറാക്കുകയും ചെയ്തു. ഇവ ഈ വർഷാവസാനത്തിൽ കേന്ദ്ര ഗവൺമെൻറിന് അയച്ചുകൊടുക്കുന്നതാണ്. നിവേശപര്യവേഷണ സർവേയുടെ ടാബുലേഷൻ ജോലികളും പട്ടിക തയ്യാറാക്കലും പൂർത്തിയായി വരുന്നു. സെൻസസിൽനിന്നും ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെയും വിവരങ്ങളും പ്രത്യേകം പ്രത്യേകം തയ്യാറാക്കുന്നുണ്ട്. ഇതിനുവേണ്ടി 4.34 ലക്ഷം രൂപാ പ്രത്യേകം കേന്ദ്ര ഗവൺമെൻറിൽനിന്നും അനുവദിച്ചിട്ടുണ്ട്.

ഈ പദ്ധതിയുടെ ചിലവ് മുഴുവനായി ഇൻഡ്യാ ഗവൺമെൻറാണ് വഹിക്കുന്നത്.

5. കൃഷിച്ചെലവ് കണക്കാക്കൽ സർവേ.—1980-81-ൽ ആരംഭിച്ച സംസ്ഥാനത്തെ പ്രധാന വിളകളുടെ കൃഷിച്ചെലവ് കണക്കാക്കുന്ന സർവേ നടപ്പുവർഷത്തിലും തുടർന്നുകൊണ്ടിരിക്കുന്നു. 21 താലൂക്കുകളിലെ 42 വില്ലേജുകളിലായി നടത്തിക്കൊണ്ടിരിക്കുന്ന പ്രസ്തുത സർവേ ഈ വർഷം 53 താലൂക്കുകളിലും നടത്തുന്നുണ്ട്. നടപ്പുവർഷത്തിൽ നെല്ല്, തെങ്ങ്, മരച്ചീനി, കമുക്, കുരുമുളക്, കൊക്കൊ, ഏത്തവാഴ, ഇഞ്ചി എന്നീ വിളകളെക്കുറിച്ചാണ് വിവരം ശേഖരിക്കുന്നത്. ശേഖരിച്ച വിവരങ്ങളെ അടിസ്ഥാനമാക്കി താലൂക്ക് തലത്തിൽ തയ്യാർ ചെയ്ത പ്രാഥമിക പട്ടികകളെ ആധാരമാക്കി സംസ്ഥാനതല പട്ടികകൾ തയ്യാറാക്കി വരുന്നു.

6. വിപണനത്തിനു ലഭിക്കുന്ന കാർഷികോൽപ്പന്നങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്ന സർവെ.—നടപ്പുവർഷത്തിൽ ആരംഭിച്ച ഈ സർവേ, കൃഷിച്ചെലവ് സർവേക്കുവേണ്ടി തിരഞ്ഞെടുത്ത 53 താലൂക്കുകളിലും അതേ വിളകൾക്കുതന്നെ വിപണനത്തിനു ലഭിക്കുന്ന കാർഷികോൽപ്പന്നങ്ങളുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

7. കാർഷിക തൊഴിലാളികളുടെ സാമൂഹ്യ സാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ള സർവേ.—1983-84-ൽ ആരംഭിച്ച ഈ സർവേ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 336 വില്ലേജുകളിൽ നടത്തിവരുന്നു. ഗ്രാമീണ തൊഴിലാളി കുടുംബങ്ങളുടെ പ്രത്യേകിച്ച് കർഷക കുടുംബങ്ങളുടെ സാമൂഹ്യ സാമ്പത്തിക വ്യവസ്ഥിതിയെക്കുറിച്ചും വികസന പ്രവർത്തനങ്ങൾ ഈ കുടുംബങ്ങളെ എങ്ങിനെ ബാധിക്കുന്നു എന്നതിനെക്കുറിച്ചും

പഠനം നടത്തുകയാണ് ഈ സർവേകൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു വർഷത്തേക്കുള്ള ഈ സർവേയുടെ വിവരശേഖരണം 1984 ജൂലൈയിൽ പൂർത്തിയാക്കുന്നതാണ്.

8. ജലസേചന സ്ഥിതിവിവരക്കണക്ക് മെച്ചപ്പെടുത്തൽ വിഭാഗം.—1982–83-ൽ തിരുവനന്തപുരം ജില്ലയിലെ ചെറുകിട ജലസേചനപദ്ധതികൾകൊണ്ട് ജലസേചനം നടത്തിയ സ്ഥലത്തിന്റെ വിസ്തീർണ്ണത്തെപ്പറ്റിയുള്ള പരിശോധന സർവേ റിപ്പോർട്ട് തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിച്ചു. റിപ്പോർട്ടുവർഷത്തിൽ മേൽപറഞ്ഞപോലെയുള്ള സർവേകൾ കൊല്ലം, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ ആരംഭിക്കുകയും കൊല്ലത്തെ സർവേ പൂർത്തിയാക്കുകയും ചെയ്തു.

9. വിലനിലവാരക്കണക്ക് വിഭാഗം.—ഈ വിഭാഗം പ്രൈസസ് (ജനറൽ), ഇൻഡക്സ് സീരീസ്, മാർക്കററ് ഇൻറലിജൻസ് എന്നീ മൂന്ന് യൂണിററുകളായി തുടർന്നു പ്രവർത്തിച്ചുവരുന്നു. പ്രൈസസ് വിഭാഗം റിപ്പോർട്ടുവർഷത്തിൽ താഴെപ്പറയുന്ന ജോലികൾ ഏറെറടുത്ത് നടത്തുകയുണ്ടായി.

(1) 50 അവശ്യസാധനങ്ങളുടെ ദൈനംദിനവില ജില്ലാതലസ്ഥാനങ്ങളിൽനിന്നും ടെലക്സ് മുഖേന ശേഖരിച്ച് ക്രോഡീകരിച്ച് അടുത്ത ദിവസംതന്നെ ഗവൺമെൻറിന് സമർപ്പിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ വിലയുടെ പ്രവണതയെ കാണിക്കുന്ന പ്രതിമാസ റിപ്പോർട്ട് തയ്യാറാക്കി ഗവൺമെൻറിലേക്ക് അയച്ചുവരുന്നു.

(2) 92 ഇനം ഉപഭോക്തൃസാധനങ്ങളുടെ പ്രതിവാര ചില്ലറവില ശേഖരിച്ച് ഉപഭോക്തൃ വിലസൂചിക തയ്യാറാക്കി മാസംതോറും ദിനപത്രങ്ങളിലും കേരള സർക്കാർ ഗസററിലും വിജ്ഞാപനം ചെയ്യുകയും അവ ഉപയോഗിക്കുന്ന പ്രധാനപ്പെട്ട ഗവൺമെൻറ് സ്വകാര്യ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും അയച്ചുകൊടുക്കുകയും ചെയ്യുന്നു.

(3) ജില്ലാതലങ്ങളിൽനിന്നും 96 ആവശ്യസാധനങ്ങളുടെ ചില്ലറവിലകൾ ശേഖരിച്ചുവരുന്നു.

(4) 27 കാർഷിക വിഭവങ്ങളുടെ പ്രതിമാസ ചില്ലറവില ശേഖരിച്ച് കേരള സർക്കാർ ഗസററിൽ പരസ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

(5) റേഷൻ സാധനങ്ങളുടെ ഓഫ്ടേക്ക് വിവരങ്ങൾ ശേഖരിച്ച് ഉപഭോക്തൃ വിലസൂചിക തയ്യാറാക്കുന്നതിന് ഉപയോഗിക്കുന്നു.

(6) ആരോഗ്യ വകുപ്പിൻെറയും നാട്ടുചികിൽസാ വകുപ്പിൻെറയും ഉപയോഗത്തിനായി ആശുപത്രികൾക്ക് ആവശ്യമുള്ള ആഹാരസാധനങ്ങളുടെ കമ്പോളവില ത്രൈമാസിക അടിസ്ഥാനത്തിൽ ഈ വർഷവും ശേഖരിച്ച് സൂക്ഷ്മപരിശോധന നടത്തി ആവശ്യമുള്ള എല്ലാ സ്ഥാപനങ്ങൾക്കും അയച്ചുകൊടുക്കുന്നു.

10. വ്യവസായ ഉൽപ്പന്ന സൂചിക.—ഈ പദ്ധതിയനുസരിച്ച് വ്യവസായ ഉൽപ്പന്ന സൂചിക ത്രൈമാസ അടിസ്ഥാനത്തിലും വാർഷികാടിസ്ഥാനത്തിലും തയ്യാറാക്കി വരുന്നു. റിപ്പോർട്ടുവർഷം 1981-ലെ നാല് ത്രൈമാസ റിപ്പോർട്ടുകളും 1982-ലെ ആദ്യ ത്രൈമാസ റിപ്പോർട്ടും 1980–81-ലെയും 1981–82-ലെയും വാർഷിക റിപ്പോർട്ടും തയ്യാറാക്കുകയുണ്ടായി.

11. വ്യാവസായിക സ്ഥിതിവിവരക്കണക്ക് വിഭാഗം.—റിപ്പോർട്ടു വർഷത്തിൽ 1978–79-ലെ സംഘടിത വ്യാവസായിക മേഖലയിലെ മുടക്കു മുതൽ, വായ്പകൾ, പണിയെടുക്കുന്ന മൊത്തം തൊഴിലാളികൾ, അവരുടെ വേതനം, അസംസ്കൃത സാധനങ്ങളുടെ ആവശ്യകത, ലഭ്യത, ഉപയോഗം ആകെ വ്യാവസായിക ഉൽപ്പാദനമൂല്യം, അററമൂല്യം എന്നീ വിശദാംശങ്ങളെ ക്കുറിച്ചുള്ള പട്ടികകൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

12. സംസ്ഥാന വരുമാനനിർണ്ണയ വിഭാഗം.—റിപ്പോർട്ടുവർഷത്തിൽ 1980–81-ലെ ജില്ലതിരിച്ചുള്ള വരുമാനം നിർണ്ണയിച്ച് ടി വർഷത്തെ സംസ്ഥാന വരുമാന നിർണ്ണയം നടത്തി. 1970–71 മുതൽ 1981–82 വരെയുള്ള വരുമാന കണക്കുകൾ കൂടുതലായി ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പുനർനിർണ്ണയം നടത്തി. ഇതനുസരിച്ച് മൊത്തവരുമാനവും പ്രതിശീർഷ വരുമാനവും 1970–71-ൽ (തനതുവർഷ വിലകളിൽ) യഥാക്രമം 1255 കോടി രൂപയും 594 രൂപയും ആയിരുന്നത് 1981–82-ൽ 371 കോടി രൂപയും 1447 രൂപയുമായി ഉയർന്നു. 1970–71 വിലകളിൽ 1981–82-ലെ മൊത്തവരുമാനം 1634 കോടി രൂപയും പ്രതിശീർഷവരുമാനം 636 രൂപയും ആയിരുന്നു.

13. ജനനമരണ സ്ഥിതിവിവരക്കണക്ക് വിഭാഗം.—ഈ വിഭാഗം സംസ്ഥാനം ഒട്ടാകെയുള്ള ജനനമരണ സ്ഥിതിവിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന പതിവ് ഈ വർഷവും തുടർന്നു. താഴെ കാണുന്ന മൂന്ന് പദ്ധതികൾ ഈ വർഷം തുടരുകയുണ്ടായി:—

(1) മോഡൽ രജിസ്ട്രേഷൻ പദ്ധതി

(2) മരണകാരണങ്ങൾ വ്യക്തമാക്കുന്ന മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കററിൻമേലുള്ള പഠനം.

(3) ജനനമരണ കണക്കുവിഭാഗത്തിൻെറ വിപുലീകരണം (നഗര/പട്ടണ പ്രദേശങ്ങളിലെ ജനനമരണ കണക്ക് സ്പോട്ട് ചെക്ക്).

(4) സാമ്പിൾ രജിസ്ട്രേഷൻ പദ്ധതി ഗ്രാമപ്രദേശങ്ങളിൽ.

14. കയററിറക്കുമതി സ്ഥിതിവിവരക്കണക്ക് വിഭാഗം.—റിപ്പോർട്ട് വർഷം 1981–82-ലെ കേരളത്തിലെ കടൽമാർഗ്ഗ കയററുമതി ഇറക്കുമതി വിവരങ്ങൾ സംഗ്രഹിക്കുകയും സമാഹരിക്കുകയും ചെയ്തു. 1982–83-ലേക്കുവേണ്ട പ്രസ്തുത വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുന്നു.

15. തൊഴിൽ സ്ഥിതിവിവരക്കണക്ക്.—ഈ വിഭാഗം 1948-ലെ ഫാക്ടറീസ് ആക്ട് പ്രകാരം രജിസ്ററർ ചെയ്ത ഫാക്ടറികളുടെ 81-ലേക്കുള്ള സ്ഥിതി വിവരക്കണക്കുകളും 1936-ലെ വേതന നിയമം അനുസരിച്ച് പ്രതിമാസം 1000 രൂപയ്ക്ക് താഴെ വരുമാനമുള്ള തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനത്തിൻെറയും വിവരങ്ങളും ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് ഡയറക്ടറേററിൽ നിന്നും ശേഖരിച്ച് സൂക്ഷ്മപരിശോധനക്കുശേഷം സമാഹരിച്ച് റിപ്പോർട്ടുകൾ സിംലായിലെ ലേബർ ബ്യൂറോയ്ക്ക് അയച്ചുകൊടുത്തു. കൂടാതെ കേരളത്തിലെ ഫാക്ടറികളിലും തോട്ടങ്ങളിലും മററു സ്ഥാപനങ്ങളിലും ഉണ്ടായിട്ടുള്ള പണിമുടക്ക് അടച്ചുപൂട്ടൽ, ക്ലോസർ, ലേ ഓഫ് തുടങ്ങിയവയെക്കുറിച്ചുള്ള റിപ്പോർട്ടുകളും 1961-ലെ പ്രസവാനുകൂല്യ നിയമപ്രകാരം ഫാക്ടറികളിലെയും

തോട്ടങ്ങളിലേയും സ്ത്രീ തൊഴിലാളികൾക്ക് കൊടുത്തിട്ടുള്ള ആനുകൂല്യങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകളും തയ്യാറാക്കി ലേബർ ബ്യൂറോക്ക് അയച്ചു കൊടുത്തു.

16. ഭവനനിർമ്മാണ കണക്കുകളും വേതനഘടന സർവേയും.—നഗര/പട്ടണങ്ങളിലെ ഭവന നിർമ്മാണ രംഗത്തെ പ്രവർത്തനങ്ങളെക്കുറിച്ചും കെട്ടിട നിർമ്മാണ ജോലിക്കാരുടേയും വ്യാപാര സ്ഥാപനങ്ങളിലെ ജോലിക്കാരുടേയും വേതന ഘടനയെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും വിശകലനം ചെയ്ത് ത്രൈമാസ റിപ്പോർട്ടുകളും പട്ടികകളും തയ്യാറാക്കി, ദേശീയ കെട്ടിട നിർമ്മാണസമിതിയിലേക്ക് അയച്ചുകൊടുത്തു. വേതന ഘടനയെക്കുറിച്ച് 1982–83-ലെ വിവരങ്ങൾ സമാഹരിച്ച് പട്ടികകൾ തയ്യാറാക്കിയിട്ടുണ്ട്. 1972–80 വരെയുള്ള കാലയളവിൽ ഭവന നിർമ്മാണ രംഗത്തുണ്ടായ വിവരങ്ങളും ഭവന നിർമ്മാണ സാമഗ്രികളുടെ വിലനിലവാര വേതനക്രമം തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 'ഭവനനിർമ്മാണ സ്ഥിതി വിവരക്കണക്കുകൾ 1982'' എന്ന റിപ്പോർട്ട് പുറത്തിറക്കിയിട്ടുണ്ട്. കൂടാതെ മററു പഠനങ്ങൾ നടത്തുകയും റിപ്പോർട്ടുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

17. നാഷണൽ സാമ്പിൾ സർവേ.—നാഷണൽ സാമ്പിൾ സർവെ ഓർഗനൈസേഷൻ രാജ്യത്തിന്റെ സമ്പത്ത്‌വ്യവസ്ഥയുടെ വിവിധ വശങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ രാജ്യവ്യാപകമായ അടിസ്ഥാനത്തിൽ ശേഖരിക്കുന്നതിന് ഓരോ വർഷവും സാമ്പിൾ സർവേകൾ നടത്തുന്നു. കേരളവും തുല്ല്യാടിസ്ഥാനത്തിൽ ഇതിൽ പങ്കെടുക്കുന്നു. 37-ാം റൗണ്ടിൽ കർഷകരുടെ ആസ്തി, ഋണബാദ്ധ്യതകൾ എന്നിവയെ സംബന്ധിച്ച് ശേഖരിച്ച വിവരങ്ങൾ സൂക്ഷ്മ പരിശോധന നടത്തിക്കൊണ്ടിരിക്കുന്നു. 36-ാം റൗണ്ടിൽ ശേഖരിച്ച ശാരീരിക വൈകല്ല്യങ്ങളെക്കുറിച്ചുള്ള വിവരങ്ങളുടെ ടാബുലേഷൻ പുരോഗതിയിലാണ്. 38-ാം റൗണ്ടിൽ 1983 ജനുവരി മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ ഗാർഹിക ചിലവുകളെക്കുറിച്ചും തൊഴിലില്ലായ്മയെക്കുറിച്ചും സർവേ നടത്തി. 1984 ജനുവരി മുതൽ ജനനമരണങ്ങളെക്കുറിച്ചുള്ള സർവേ ആരംഭിച്ചു. 32-ാം റൗണ്ടിൽ തൊഴിലുള്ളവരേയും തൊഴിലില്ലാത്തവരേയും സംബന്ധിച്ച് ശേഖരിച്ച വിവരങ്ങളെ അടിസ്ഥാനമാക്കി റിപ്പോർട്ട് പൂർത്തിയാക്കി.

18. സാമ്പത്തിക സെൻസസ്.—1980-ലെ രണ്ടാം സാമ്പത്തിക സെൻസസിൽ ശേഖരിച്ച 2·02 ലക്ഷം കാർഷിക-കാർഷികേതര സംരംഭങ്ങളുടെ വിവരങ്ങൾ ടാബുലേഷനുവേണ്ടി ജില്ലാടിസ്ഥാനത്തിൽ ടേപ്പിലേക്ക് മാററിക്കൊണ്ടിരിക്കുന്നു. പട്ടികജാതി പട്ടിക വർഗ്ഗക്കാർ നടത്തുന്ന സംരംഭങ്ങളുടേയും അതിൽ ഏർപ്പെട്ടിരിക്കുന്ന അംഗങ്ങളുടേയും വിവരങ്ങൾ ഇതിൽ നിന്നും ലഭ്യമാകുന്നതാണ്. ഈ സർവേയുടെ താൽക്കാലിക റിപ്പോർട്ട് പ്രകാരം കേരളത്തിൽ ആകെ 0·27 ലക്ഷം സംരംഭങ്ങൾ ഉള്ളതായും അവയിൽ 25·35 ലക്ഷം ആളുകൾ ഏർപ്പെട്ടിരിക്കുന്നതായും കാണുന്നു. 1984 ഫെബ്രുവരിയിൽ ഈ പദ്ധതിയുടെ കാലാവധി തീർന്നിരിക്കുകയാണ്.

19. മാനവശക്തി വിഭാഗം.—റിപ്പോർട്ടു വർഷത്തിൽ താഴെപ്പറയുന്ന റിപ്പോർട്ടുകൾ തയ്യാറാക്കി പ്രസിദ്ധീകരണത്തിന് അയച്ചു. മാൻപവർ ഫാക്ട് ബുക്ക് 1984-ഉം അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ കേരള

ത്തിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരെക്കുറിച്ചും യന്ത്രവൽക്കൃത മൽസ്യ ബന്ധനത്തിൽ ഉൾക്കൊള്ളുന്ന മാനവശക്തിയെക്കുറിച്ചും ആധുനിക വൈദ്യശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം ഉള്ളവരുടെ വിനിയോഗത്തെ ക്കുറിച്ച് കേരളത്തിലെ യോഗ്യത കുറഞ്ഞവരും സാങ്കേതിക വൈദഗ്ധ്യ മില്ലാത്തവരുമായവരുടെ തൊഴിൽ സാധ്യതയെക്കുറിച്ചും കേരളത്തിലുള്ള എഞ്ചിനീയറിംഗ് ബിരുദധാരികളുടെ വിനിയോഗ രീതിയെക്കുറിച്ചും കേരളത്തിലെ വനിതാ വ്യവസായ സംരംഭങ്ങളെക്കുറിച്ചും കേരളത്തിലെ എഞ്ചിനീയറിംഗ് വ്യവസായ സംരംഭങ്ങളിൽ ഉൾക്കൊള്ളുന്ന മാനവശക്തി യെക്കുറിച്ചും പരിശീലനം സിദ്ധിച്ച എൻജിനീയർമാരുടെ വിനിയോഗം പൊതുമരാമത്തു വകുപ്പിൽ എന്നതിനെക്കുറിച്ച് 'ട്രൈസം' പരിപാടിയിൻ കീഴിൽ ഉണ്ടായിട്ടുള്ള തൊഴിൽ അവസരങ്ങളെക്കുറിച്ചും കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കിലും ഉള്ള സ്റ്റുഡൻറ് വേസ്റ്റേജിനെക്കുറിച്ചും ഗിൽനെറ്റ് ഉപയോഗിച്ച് മൽസ്യ ബന്ധനത്തിൻെറ സാമ്പത്തിക വശത്തെക്കുറിച്ചും ജൂനിയർ ടെക്നിക്കൽ സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞവരെക്കുറിച്ചും കൃഷി വകുപ്പിൽ പരിശീ ലനം ലഭിച്ച സാങ്കേതിക വിദഗ്ദ്ധൻമാരുടെ വിനിയോഗത്തെക്കുറിച്ചും ഓരോ പഠനങ്ങൾ നടത്തി പ്രസിദ്ധീകരണത്തിന് അയച്ചുകൊടുത്തു.

20. <u>കയർ സർവേ വിഭാഗം.</u>—31-10-1983-ലെ ഗവൺമെൻറ് ഉത്തരവ് (ജി. ഒ. ആർ. റ്റി. നമ്പർ 597/83 പ്ലാനിംഗ്) പ്രകാരം കയർ വ്യവസായത്തെ സംബന്ധിച്ചുള്ള ഒരു സർവേ നടത്തുന്നതിന് ഈ വകുപ്പിന് അംഗീകാരം ലഭിച്ചു. കയർ ബോർഡ്, വ്യവസായ വകുപ്പ്, കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ എന്നിവയുടെ പ്രതിനിധികൾ ഉൾപ്പെട്ട ഒരു കമ്മിററി യാണ് ഈ സർവേയുടെ മാർഗ്ഗനിർദ്ദേശം നൽകുന്നത്. കയറുൽപ്പാദന യൂണിററുകളിലെ ഉൽപ്പാദനത്തേയും തൊഴിലിനേയും കുറിച്ചുള്ള വിവര ങ്ങളും വീടുകളിലും മററു സ്ഥാപനങ്ങളിലും കയറിൻെറയും കയറുൽപ്പ ന്നങ്ങളുടെയും ഉപഭോഗത്തെക്കുറിച്ചുള്ള വിവരങ്ങളുമാണ് പ്രധാനമായി ഈ സർവേ വഴി ശേഖരിക്കുന്നത്. ഈ സർവേ 1984 ജനുവരിയിൽ ആരംഭിച്ചു.

21. <u>വിലയിരുത്തൽ ഘടകം.</u>—1983-84-ൽ കുണ്ടപ്പദ്ധതിയുടെ കേരള സംസ്ഥാനത്തിനകത്തുള്ള നീരൊഴുക്കു പ്രദേശത്തെ മണ്ണു സംരക്ഷണ പ്രവർത്തനത്തെക്കുറിച്ചുള്ള ഒരു വിലയിരുത്തൽ പഠനവും മിനി വ്യവസായ എസ്റേററുകളെ സംബന്ധിച്ചുള്ള മറെറാരു വിലയിരുത്തൽ പഠനവും തുടങ്ങിയിട്ടുണ്ട്.

22. <u>സർവേകളുടെ രൂപരേഖ തയ്യാറാക്കുന്നതിനുള്ള യൂണിററ്.</u>— 1982-83-ൽ പ്രവർത്തനം ആരംഭിച്ച ഈ ഡിവിഷൻ 1983-84-ൽ താഴെ പറയുന്ന സർവേകളുടെ രൂപരേഖ തയ്യാറാക്കി സർക്കാരിൻെറ അംഗീകാര ത്തിനായി സമർപ്പിച്ചു:—

(1) കയർ വ്യവസായത്തെ സംബന്ധിച്ച സർവേ

(2) ചെത്തുതൊഴിലാളികളുടെ സാമ്പത്തിക സർവേ

(3) പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ താമസസൗകര്യങ്ങളെ സംബ ന്ധിച്ച സർവേ

(4) വിഴിഞ്ഞം തുറമുഖത്തെ ചരക്ക് കയററ് ഇറക്കുമതി സാദ്ധ്യത കളെക്കുറിച്ചുള്ള സർവേ

(5) ഭാരതീയ ജനസംഖ്യ പദ്ധതി 3-നുവേണ്ടി അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സർവേ

(6) കേരളത്തിൽ ആരോഗ്യ പദ്ധതികൾ നടപ്പാക്കുന്നതിനെപ്പററിയുള്ള സർവേ കയർ വ്യവസായത്തെ സംബന്ധിച്ച സർവേക്ക് ഗവൺമെൻറിൽ നിന്നും അനുമതി ലഭിക്കുകയും 1984 ജനുവരിയിൽ സർവേ ആരംഭിക്കുകയും ചെയ്തു.

23. ഔദ്യോഗികഭാഷാ വിഭാഗം.—ഭരണതലങ്ങളിലെ ഭാഷ മലയാളമാക്കുക എന്ന ഗവൺമെൻറ് നയം നടപ്പാക്കുന്നതിനുവേണ്ട നടപടികൾ ഈ വിഭാഗം കൈക്കൊള്ളുകയും സർക്കാരിലേക്ക് ആവശ്യമായ റിപ്പോർട്ടുകളും വിവരങ്ങളും യഥാസമയം നൽകുകയും ചെയ്തിട്ടുണ്ട്. ഈ വകുപ്പിന് ആവശ്യമായ ഗ്ലോസറിക്കുവേണ്ടിയുള്ള റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

ഒരു സാങ്കേതിക വകുപ്പെന്ന നിലയിലും പല പഠനങ്ങളും സർവേകളും ദേശീയാടിസ്ഥാനത്തിൽ ആണെന്നുള്ളതുകൊണ്ടും ഇവിടെ മലയാളീകരണം ഒരു പരിധി വരെ മാത്രമേ നടപ്പാക്കാനാവൂ എന്നിരിക്കിലും സർക്കാരിൻെറ നിർദ്ദേശാനുസരണം സംസ്ഥാനത്തിനകത്തുള്ള കത്തിടപാടുകളും സർവേയ്ക്ക് ഉപയോഗിക്കുന്ന ഫാറങ്ങളും മലയാളത്തിലാക്കിക്കൊണ്ടിരിക്കുന്നു.

24. ആസൂത്രണം.—വിവിധ മേഖലകളിലെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥിതിവിവര കണക്കുകൾ ലഭ്യമാക്കുവാൻ ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുകയും അവയുടെ പ്രവർത്തനം അവലോകനം ചെയ്ത് സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയുമാണ് ഈ വിഭാഗത്തിൻെറ പ്രധാന ചുമതല. 1983-84 വാർഷിക പദ്ധതിയിൽ പതിനെട്ടോളം പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതികളുടെ പ്രവർത്തന പുരോഗതിയുടെ റിപ്പോർട്ട് പ്രതിമാസികമായും ത്രൈമാസികമായും വാർഷികമായും സർക്കാരിലേക്ക് അയക്കുന്നു. 1984-85-ലേക്കുള്ള പ്ലാൻ പദ്ധതികൾ തയ്യാറാക്കി ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ട്.

25. മെക്കാനിക്കൽ ടാബുലേഷൻ വിഭാഗം.—റിപ്പോർട്ട് വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ ജീവനക്കാരെക്കുറിച്ചുള്ള സെൻസസ് 1981-ൻെറ സോർട്ടിംഗും, വൈററൽ സ്ററാററിസ്ററിക്സ് 1981-ൻെറ പഞ്ചിംഗ് ജോലികളും 34-ാം റൗണ്ട് നാഷണൽ സാമ്പിൾ സർവേയുടെ കറക്ഷൻ ജോലികളും ചെയ്തുകൊണ്ടിരിക്കുന്നു.

26. അഡ്മിനിസ്ട്രേററീവ് ഇൻറലിജൻസ് വിഭാഗം.—സാമൂഹ്യക്ഷേമ വികസന വകുപ്പുകളിലെ പ്രവർത്തന പുരോഗതിയെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കുന്ന ജോലി ഈ വർഷവും തുടർന്നുകൊണ്ടിരിക്കുന്നു.

27. കോ-ഓർഡിനേഷൻ.—റിപ്പോർട്ടുവർഷത്തിൽ മററു ഡിപ്പാർട്ടുമെൻറുകളിലെ സ്ഥിതിവിവര ഘടകങ്ങളിൽ പ്രവർത്തി എടുക്കുന്ന ഉദ്യോഗസ്ഥൻമാരെ വിളിച്ചുകൂട്ടി ചർച്ചകൾ നടത്തുകയും അവരുടെ ജോലി അവലോകനം ചെയ്ത് ആവശ്യമായ സാങ്കേതിക ഉപദേശങ്ങൾ നൽകുകയും ചെയ്തു. ഇതിനു പുറമേ പ്രസിദ്ധീകരണ വിഭാഗത്തിൻെറയും ഔദ്യോഗിക ഭാഷാ വിഭാഗത്തിൻെറയും പദ്ധതി രൂപീകരണത്തിൻെറയും മേൽനോട്ടം വഹിക്കുകയുമുണ്ടായി.

28. പ്രസിദ്ധീകരണവും സംയോജനവും.—ഈ സ്റ്റേറ്റിന്റെ ആസൂത്രണത്തിന് ആവശ്യമായി വരുന്ന സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് പ്രസിദ്ധീകരിക്കുന്നതാണ് ഈ വിഭാഗത്തിന്റെ പ്രധാന ചുമതല. 1983-84-ൽ സ്റ്റാറ്റിസ്റ്റിക്സ് ഫോർ പ്ലാനിംഗ് 1983, വിമൻ ഇൻ കേരള 1984 എന്നീ രണ്ട് റിപ്പോർട്ടുകൾ തയ്യാറാക്കി പ്രസിദ്ധീകരണത്തിന് അയച്ചു. കൂടാതെ ഡിപ്പാർട്ടുമെന്റിന്റെ ത്രൈമാസിക ന്യൂസ് ലെറ്റർ തയ്യാറാക്കുന്ന ജോലിയിലും തുടർന്നുകൊണ്ടിരുന്നു.

റിപ്പോർട്ട് വർഷത്തിൽ ഈ ഡിപ്പാർട്ടുമെന്റിന്റെ വിവിധ വിഭാഗങ്ങൾ തയ്യാറാക്കിയ താഴെപ്പറയുന്ന റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയുണ്ടായി.

(1) എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് ന്യൂസ് ലെറ്റർ വാല്യം 1 നമ്പർ 2.

(2) എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് ന്യൂസ് ലെറ്റർ വാല്യം 1 നമ്പർ 4.

(3) ബ്രോഷർ ഓൺ ഹൗസിംഗ് സ്റ്റാറ്റിസ്റ്റിക്സ് 1982.

(4) സാമ്പിൾ രജിസ്ട്രേഷൻ ആനുവൽ റിപ്പോർട്ട് 1980.

(5) റിപ്പോർട്ട് ഓൺ ക്രോപ്പ് കട്ടിംഗ് സർവേസ് ഓൺ വിൻറർ ആൻഡ് സമ്മർ ക്രോപ്പ് ഓഫ് പാഡി 1981.

(6) റിപ്പോർട്ട് ഓൺ ക്രോപ്പ് കട്ടിംഗ് സർവേ ഓൺ ഓട്ടംക്രോപ്പ് ഓഫ് പാഡി 1980.

(7) കൺസോളിഡേറ്റഡ് റിസൽട്ട്സ് ഓഫ് ക്രോപ്പ് കട്ടിംഗ് സർവേസ് 1978-79 ആൻഡ് 1980-81.

(8) റിപ്പോർട്ട് ഓൺ ദി സ്റ്റഡി ഓഫ് എസ്റ്റിമേറ്റ്സ് ഓൺ എംപ്ലോയീസ് എ. സി. എസ്. റ്റി. ഇ. കേരള.

(9) എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ന്യൂസ് ലെറ്റർ വോളിയം 1 നമ്പർ 5.

29. 1983-84-ലെ ചെലവ്.—റിപ്പോർട്ടുവർഷത്തിൽ വകുപ്പിന്റെ ആകെ ചെലവ് പദ്ധതിയിനത്തിൽ 2,34,69,780 രൂപയും പദ്ധതിയേതര ഇനത്തിൽ 1,17,97,371 രൂപയും ആയിരുന്നു.

30. റിപ്പോർട്ട് വർഷത്തിൽ വകുപ്പിന്റെ പ്രവർത്തനം തൃപ്തികരമായിരുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

കെ. മധുസൂദനൻ,

ജോയിൻറ് സെക്രട്ടറി.

# എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ 1983–84-ലെ ഭരണറിപ്പോർട്ട്

| | | |
|---|---|---|
| വകുപ്പുമന്ത്രി | .. | ശ്രീ. കെ. കരുണാകരൻ (മുഖ്യമന്ത്രി) |
| വകുപ്പദ്ധ്യക്ഷൻ | .. | ശ്രീ. കെ. രാമവർമ്മ |
| അഡീഷണൽ ഡയറക്ടർമാർ | | 1. ശ്രീ. എൻ. ജോർജ്ജ് ജോൺ<br>2. ശ്രീ. കെ. ഈശ്വരൻകുട്ടി<br>3. ശ്രീ. കെ. ബാലകൃഷ്ണൻ നായർ |

ഈ ഡിപ്പാർട്ടുമെൻറിലെ 1983–84-ലെ പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്ത രൂപം താഴെ കൊടുക്കുന്നു.

സംസ്ഥാനത്തിന്റെ വിവിധ സാമ്പത്തിക മേഖലകളെ സംബന്ധിച്ച് ആവശ്യമുളള സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുകയും ശാസ്ത്രീയമായി വിശകലനം ചെയ്ത് സംഗ്രഹിച്ച് വികസന ആസൂത്രണത്തിന് പ്രയോജനകരമാക്കി കൊടുക്കുകയാണ്. ഈ വകുപ്പിന്റെ പ്രധാന ജോലി.

1. <u>കാർഷിക സ്ഥിതിവിവരക്കണക്ക് (റി. ആർ. എസ്.).</u>— 1975–76-ൽ ആരംഭിച്ച കാർഷിക സ്ഥിതിവിവരക്കണക്ക് പദ്ധതിയനുസരിച്ച് ആറുവർഷംകൊണ്ട് സംസ്ഥാനത്തെ എല്ലാ വില്ലേജുകളിൽനിന്നും കാർഷിക സ്ഥിതിവിവരക്കണക്കു ശേഖരണം പൂർത്തിയാക്കി. അഞ്ചു വർഷംകൊണ്ട് അവസാനിക്കുന്ന രണ്ടാം ഘട്ടം 1981–82-ൽ ആരംഭിക്കുകയും 1982–83 കാർഷിക വർഷത്തിൽ അതിന്റെ ഭാഗമായ ഇരുപതു ശതമാനം വില്ലേജുകളിൽ സർവേ നടത്തുകയുണ്ടായി.

1983–84-ലെ ഭൂവിനിയോഗത്തിന്റെയും ജലസേചനത്തിന്റെയും ഓരോ വിളയും കൃഷി ചെയ്ത സ്ഥലത്തിന്റെയും വിവരങ്ങൾ ശേഖരിച്ചുവരുന്നു. വിരിപ്പ്, മുണ്ടകൻ എന്നീ കാലങ്ങളിലുളള ഹ്രസ്വകാല വിളകളുടെ വിവരങ്ങൾ ശേഖരിച്ചു. നെൽകൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതിയും ഉൽപ്പാദിപ്പിച്ച നെല്ലിന്റെയും കണക്ക് തയ്യാറാക്കി വരുന്നു. ഉൽപ്പാദനത്തോത് നിർണ്ണയിക്കുന്നതിനായി നെല്ല്, മരച്ചീനി തെങ്ങ്, കമുക്, കശുമാവ്, കുരുമുളക്, കൊക്കോ, മാവ്, പ്ലാവ്, ഏത്തവാഴ മററിനംവാഴ എന്നിവയ്ക്ക് വിളവെടുപ്പ് പരീക്ഷണങ്ങൾ നടത്തി വരുന്നു. ഇതിൽ വിരിപ്പ് മുണ്ടകൻ നെൽക്കൃഷികളുടെ വിളവെടുപ്പ് പരീക്ഷണങ്ങൾ കഴിഞ്ഞു. മററു വിളകളുടേത് നടന്നുകൊണ്ടിരിക്കുന്നു. 1981–82-ലെ കാർഷിക സ്ഥിതിവിവര പട്ടിക പ്രസിദ്ധീകരിച്ചു. 1982–83-ൽ ശേഖരിച്ച വിവരങ്ങൾ അപഗ്രഥിച്ചുകൊണ്ടിരിക്കുന്നു.

കാർഷിക സ്ഥിതിവിവരങ്ങൾ ശേഖരിക്കുന്നതിനായി തിരഞ്ഞെടുത്തിട്ടുളള എല്ലാ വില്ലേജുകളിലും ഈ വർഷവും സമാന്തരസാമ്പിൾ സർവേ പദ്ധതി നടപ്പാക്കുകയുണ്ടായി. 1982–83-ൽ ഇപ്രകാരം നടത്തി ശേഖരിച്ച് വിവരങ്ങൾ ക്രോഡീകരിച്ചുകൊണ്ടിരിക്കുന്നു.

സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ പെയ്ത മഴയുടെ വിവരങ്ങൾ ശേഖരിച്ച് പൂനയിലെ ഒബ്സർവേറ്ററി ഡപ്യൂട്ടി ഡയറക്ടർക്ക് അയച്ചു കൊടുത്തു. ഈ പദ്ധതിയുടെ 50 ശതമാനം ചെലവ് ഇൻഡ്യാ ഗവൺമെൻറാണ് വഹിക്കുന്നത്.

2. കാർഷിക സെൻസസ്.—1980-81-ൽ ആരംഭിച്ചു. സെൻസസ് പ്രധാനമായി രണ്ടു ഘട്ടങ്ങളിലായിട്ടാണ് നടത്തിയത്. (1) മെയിൻ സെൻസസും (2) നിവേശപര്യവേഷണവും (ഇൻപുട്ട് സർവേ). റിപ്പോർട്ട് വർഷത്തിൽ കഴിഞ്ഞവർഷം മെയിൻ സെൻസസിനും നിവേശപര്യവേഷണത്തിനുംവേണ്ടി ശേഖരിച്ച വിവരങ്ങളുടെ ടാബുലേഷൻ ജോലിയാണ് പ്രധാനമായും നടന്നത്. ഇതിൽ മെയിൻ സെൻസസിൻെറ ടാബുലേഷൻ പൂർത്തിയാക്കുകയും ആവശ്യമായ പട്ടിക തയ്യാറാക്കുകയും ചെയ്തു. ഇവ ഈ വർഷാവസാനത്തിൽ കേന്ദ്ര ഗവൺമെൻറിന് അയച്ചുകൊടുക്കുന്നതാണ്. നിവേശപര്യവേഷണ സർവേയുടെ ടാബുലേഷൻ ജോലികളും പട്ടിക തയ്യാറാക്കലും പൂർത്തിയായിവരുന്നു. സെൻസസിൽനിന്നും ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെയും വിവരങ്ങളും പ്രത്യേകം പ്രത്യേകം തയ്യാറാക്കുന്നുണ്ട്. ഇതിനുവേണ്ടി 4.34 ലക്ഷം രൂപ പ്രത്യേകം കേന്ദ്ര ഗവൺമെൻറിൽനിന്നും അനുവദിച്ചിട്ടുണ്ട്.

ഈ പദ്ധതിയുടെ ചെലവ് മുഴുവനായി ഇൻഡ്യാ ഗവൺമെൻറാണ് വഹിക്കുന്നത്.

3. കൃഷിചെലവ് കണക്കാക്കൽ സർവേ.—1980-81-ൽ ആരംഭിച്ച സംസ്ഥാനത്തെ പ്രധാന വിളകളുടെ കൃഷി ചെലവ് കണക്കാക്കുന്ന സർവേ നടപ്പു വർഷത്തിലും തുടർന്നുകൊണ്ടിരിക്കുന്നു. 21 താലൂക്കുകളിലെ 42 വില്ലേജുകളിലായി നടത്തിക്കൊണ്ടിരിക്കുന്ന പ്രസ്തുത സർവേ ഈ വർഷം 53 താലൂക്കുകളിലും നടത്തുന്നുണ്ട്. നടപ്പുവർഷത്തിൽ നെല്ല്, തെങ്ങ്, മരച്ചീനി, കമുക്, കുരുമുളക്, കൊക്കോ, ഏത്തവാഴ, ഇഞ്ചി എന്നീ വിളകളെക്കുറിച്ചാണ് വിവരം ശേഖരിക്കുന്നത്. ശേഖരിച്ച വിവരങ്ങളെ അടിസ്ഥാനമാക്കി താലൂക്ക് തലത്തിൽ തയ്യാർ ചെയ്ത പ്രാഥമിക പട്ടികകളെ ആധാരമാക്കി സംസ്ഥാനതല പട്ടികകൾ തയ്യാറാക്കി വരുന്നു.

4. വിപണനത്തിനു ലഭിക്കുന്ന കാർഷികോൽപ്പന്നങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്ന സർവേ.—നടപ്പുവർഷത്തിൽ ആരംഭിച്ച ഈ സർവേ, കൃഷിചെലവ് സർവേക്കുവേണ്ടി തിരഞ്ഞെടുത്ത 53 താലൂക്കുകളിലും അതേ വിളകൾക്കുതന്നെ വിപണനത്തിനു ലഭിക്കുന്ന കാർഷികോൽപ്പന്നങ്ങളുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

5. കാർഷിക തൊഴിലാളികളുടെ സാമൂഹ്യസാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ള സർവേ.—1983-84-ൽ ആരംഭിച്ച ഈ സർവേ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 336 വില്ലേജുകളിൽ നടത്തിവരുന്നു. ഗ്രാമീണ തൊഴിലാളി കുടുംബങ്ങളുടെ പ്രത്യേകിച്ച് കർഷക കുടുംബങ്ങളുടെ സാമൂഹ്യ സാമ്പത്തിക വ്യവസ്ഥിതിയെക്കുറിച്ചും വികസന പ്രവർത്തനങ്ങൾ ഈ കുടുംബങ്ങളെ എങ്ങനെ ബാധിക്കുന്നു എന്നതിനെക്കുറിച്ചും പഠനം നടത്തുകയാണ് ഈ സർവേകൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു വർഷത്തേക്കുള്ള ഈ സർവേയുടെ വിവരശേഖരണം 84 ജൂലൈയിൽ പൂർത്തിയാക്കുന്നതാണ്.

6. ജലസേചന സ്ഥിതിവിവരക്കണക്ക് മെച്ചപ്പെടുത്തൽവിഭാഗം.—1982–83-ൽ തിരുവനന്തപുരം ജില്ലയിലെ ചെറുകിട ജലസേചന പദ്ധതികൾകൊണ്ട് ജലസേചനം നടത്തിയ സ്ഥലത്തിന്റെ വിസ്തീർണ്ണത്തെപ്പററിയുള്ള പരിശോധന സർവേ റിപ്പോർട്ട് തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിച്ചു. റിപ്പോർട്ടുവർഷത്തിൽ മേൽ പറഞ്ഞതുപോലെയുള്ള സർവേകൾ കൊല്ലം, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ ആരംഭിക്കുകയും കൊല്ലത്തെ സർവേ പൂർത്തിയാക്കുകയും ചെയ്തു.

7. വിലനിലവാരക്കണക്ക് വിഭാഗം.—ഈ വിഭാഗം പ്രൈസസ് (ജനറൽ) ഇൻഡക്സ് സീരീസ് മാർക്കററ് ഇൻറലിജൻസ് എന്നീ മൂന്ന് യൂണിററുകളായി തുടർന്നു പ്രവർത്തിച്ചുവരുന്നു. പ്രൈസസ് വിഭാഗം റിപ്പോർട്ട് വർഷത്തിൽ താഴെ പറയുന്ന ജോലികൾ ഏറെറടുത്ത് നടത്തുകയുണ്ടായി:—

(1) 50 ആവശ്യസാധനങ്ങളുടെ ദൈനംദിന വില ജില്ലാതലസ്ഥാനങ്ങളിൽനിന്നും ടെലക്സ് മുഖേന ശേഖരിച്ച് ക്രോഡീകരിച്ച് അടുത്ത ദിവസംതന്നെ ഗവൺമെൻറിന് സമർപ്പിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ വിലയുടെ പ്രവണതയെ കാണിക്കുന്ന പ്രതിമാസ റിപ്പോർട്ട് തയ്യാറാക്കി ഗവൺമെൻറിലേക്ക് അയച്ചുവരുന്നു.

(2) 92 ഇനം ഉപഭോക്തൃ സാധനങ്ങളുടെ പ്രതിവാര ചില്ലറവില ശേഖരിച്ച് ഉപഭോക്തൃവിലസൂചിക തയ്യാറാക്കി മാസംതോറും ദിനപ്പത്രങ്ങളിലും കേരള സർക്കാർ ഗസറ്റിലും വിജ്ഞാപനം ചെയ്യുകയും അവ ഉപയോഗിക്കുന്ന പ്രധാനപ്പെട്ട ഗവൺമെൻറ് സ്വകാര്യ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും അയച്ചുകൊടുക്കുകയും ചെയ്യുന്നു.

(3) ജില്ലാതലങ്ങളിൽനിന്നും 96 ആവശ്യസാധനങ്ങളുടെ ചില്ലറ വിലകൾ ശേഖരിച്ചുവരുന്നു.

(4) 27 കാർഷിക വിഭവങ്ങളുടെ പ്രതിമാസ ചില്ലറവില ശേഖരിച്ച് കേരള സർക്കാർ ഗസ്റ്റിൽ പരസ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

(5) റേഷൻ സാധനങ്ങളുടെ ഓഫടേക്ക് വിവരങ്ങൾ ശേഖരിച്ച് ഉപഭോക്തൃ വിലസൂചിക തയ്യാറാക്കുന്നതിന് ഉപയോഗിക്കുന്നു.

(6) ആരോഗ്യവകുപ്പിന്റെയും നാട്ടുചികിത്സാ വകുപ്പിന്റെയും ഉപയോഗത്തിനായി ആശുപത്രികൾക്ക് ആവശ്യമുള്ള ആഹാരസാധനങ്ങളുടെ കമ്പോളവില ത്രൈമാസിക അടിസ്ഥാനത്തിൽ ഈ വർഷവും ശേഖരിച്ച് സൂക്ഷ്മപരിശോധന നടത്തി ആവശ്യമുള്ള എല്ലാ സ്ഥാപനങ്ങൾക്കും അയച്ചുകൊടുക്കുന്നു.

8. വ്യവസായ ഉല്പന്നസൂചിക.—ഈ പദ്ധതിയനുസരിച്ച് വ്യവസായ ഉല്പന്നസൂചിക ത്രൈമാസ അടിസ്ഥാനത്തിലും വാർഷികാടിസ്ഥാനത്തിലും തയ്യാറാക്കി വരുന്നു. റിപ്പോർട്ടുവർഷം 1981–ലെ നാല് ത്രൈമാസ റിപ്പോർട്ടുകളും 1982-ലെ ആദ്യ ത്രൈമാസ റിപ്പോർട്ടും 1980-81 ലെയും 1981-82-ലെയും വാർഷിക റിപ്പോർട്ടും തയ്യാറാക്കുകയുണ്ടായി.

9. വ്യാവസായിക സ്ഥിതിവിവരക്കണക്ക് വിഭാഗം.—റിപ്പോർട്ട് വർഷത്തിൽ 1978–79-ലെ സംഘടിത വ്യാവസായിക മേഖലയിലെ മുടക്കു മുതൽ, വായ്പകൾ, പണിയെടുക്കുന്ന മൊത്തം തൊഴിലാളികൾ, അവരുടെ

വേതനം, അസംസ്കൃത സാധനങ്ങളുടെ ആവശ്യകത, ലഭ്യത, ഉപയോഗം ആകെ വ്യവസായിക ഉല്പാദനമൂല്യം, അറ്റമൂല്യം എന്നീ വിശദാംശങ്ങളെ ക്കുറിച്ചുള്ള പട്ടികകൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

10. സംസ്ഥാന വരുമാന നിർണ്ണയ വിഭാഗം.—റിപ്പോർട്ട് വർഷത്തിൽ 1980–81-ലെ ജില്ല തിരിച്ചുള്ള വരുമാനം നിർണ്ണയിച്ച് ടി വർഷത്തെ സംസ്ഥാനവരുമാന നിർണ്ണയം നടത്തി. 1981–82–ൽ 3718 കോടി രൂപയും 1447 രൂപയുമായി ഉയർന്നു. 1981–82-ലെ മൊത്തവരുമാനം 1634 കോടി രൂപയും പ്രതിശീർഷവരുമാനം 636 രൂപയും ആയിരുന്നു.

11. ജനനമരണസ്ഥിതിവിവരക്കണക്ക് വിഭാഗം.—ഈ ഡിപ്പാർട്ടു മെൻറിലെ ജനനമരണസ്ഥിതിവിവരക്കണക്ക് വിഭാഗം സംസ്ഥാനം ഒട്ടാകെ യുള്ള ജനനമരണസ്ഥിതിവിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന പതിവ് ഈ വർഷവും തുടർന്നു. താഴെ കാണുന്ന മൂന്ന് പദ്ധതികൾ ഈ വർഷം തുടരുകയുണ്ടായി:—

(1) മോഡൽ രജിസ്ട്രേഷൻ പദ്ധതി

(2) മരണകാരണങ്ങൾ വ്യക്തമാക്കുന്ന മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിൻമേലുള്ള പഠനം.

(3) ജനനമരണ കണക്കുവിഭാഗത്തിൻെറ വിപുലീകരണം (നഗര/ പട്ടണപ്രദേശങ്ങളിലെ ജനനമരണ കണക്ക് സ്പോട്ട് ചെക്ക്)

(4) സാമ്പിൾ രജിസ്ട്രേഷൻ പദ്ധതി ഗ്രാമപ്രദേശങ്ങളിൽ.

12. കയറ്റിറക്കുമതി സ്ഥിതിവിവരക്കണക്ക് വിഭാഗം.—റിപ്പോർട്ട് വർഷം 1981–82-ലെ കേരളത്തിലെ കടൽമാർഗ്ഗ കയറ്റുമതി ഇറക്കുമതി വിവരങ്ങൾ സംഗ്രഹിക്കുകയും സമാഹരിക്കുകയും ചെയ്തു. 1982–83–ലേക്ക് വേണ്ട പ്രസ്തുത വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുന്നു.

13. തൊഴിൽ സ്ഥിതിവിവരക്കണക്ക്.—ഈ വിഭാഗം 1948–ലെ ഫാക്ടറീസ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത ഫാക്ടറികളുടെ 1981–ലേക്കുള്ള സ്ഥിതിവിവരക്കണക്കുകളും 1936-ലെ വേതന നിയമം അനുസരിച്ച് പ്രതിമാസം 1000 രൂപക്ക് താഴെ വരുമാനമുള്ള തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനത്തിൻെറയും വിവരങ്ങളും ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് ഡയറക്ടറേറ്റിൽനിന്നും ശേഖരിച്ച് സൂക്ഷ്മപരിശോധനക്കുശേഷം സമാഹരിച്ച് റിപ്പോർട്ടുകൾ സിംലായിലെ ലേബർ ബ്യൂറോയ്ക്ക് അയച്ചു കൊടുത്തു. കൂടാതെ കേരളത്തിലെ ഫാക്ടറികളിലും തോട്ടങ്ങളിലും മറ്റു സ്ഥാപനങ്ങളിലും ഉണ്ടായിട്ടുള്ള പണിമുടക്ക് അടച്ചു പൂട്ടൽ, ക്ലോസർ, ലേ ഓഫ് തുടങ്ങിയവയെക്കുറിച്ചുള്ള റിപ്പോർട്ടുകളും 1961–ലെ പ്രസവാനുകൂല്യ നിയമപ്രകാരം ഫാക്ടറികളിലേയും തോട്ടങ്ങളിലേയും സ്ത്രീ തൊഴിലാളികൾക്ക് കൊടുത്തിട്ടുള്ള പ്രസവാനുകൂല്യങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകളും തയ്യാറാക്കി ലേബർ ബ്യൂറോയ്ക്ക് അയച്ചുകൊടുത്തു.

14. ഭവനനിർമ്മാണ കണക്കുകളും വേതന ഘടനസർവേയും.—നഗര/ പട്ടണങ്ങളിലെ ഭവന നിർമ്മാണരംഗത്തെ പ്രവർത്തനങ്ങളെക്കുറിച്ചും കെട്ടിട നിർമ്മാണ ജോലിക്കാരുടെയും വ്യാപാരസ്ഥാപനങ്ങളിലെ ജോലിക്കാരുടെയും വേതന ഘടനയെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും വിശകലനം ചെയ്ത് ത്രൈമാസ റിപ്പോർട്ടുകളും പട്ടികകളും തയ്യാറാക്കി

ദേശീയ കെട്ടിട നിർമ്മാണ സമിതിയിലേക്ക് അയച്ചുകൊടുത്തു. വേതന ഘടനെയെക്കുറിച്ച് 1982-83-ലെ വിവരങ്ങൾ സമാഹരിച്ച് പട്ടികകൾ തയ്യാറാക്കിയിട്ടുണ്ട്. 1972-80 വരെയുള്ള കാലയളവിൽ ഭവന നിർമ്മാണ രംഗത്തുണ്ടായ വിവരങ്ങളും ഭവന നിർമ്മാണസാമഗ്രികളുടെ വില നിലവാര വേതനക്രമം തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് "ഭവന നിർമ്മാണസ്ഥിതിവിവരക്കണക്കുകൾ 1982" എന്ന റിപ്പോർട്ട് പുറത്തിറക്കിയിട്ടുണ്ട്. കൂടാതെ മറ്റു പഠനങ്ങൾ നടത്തുകയും റിപ്പോർട്ടുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

15. <u>നാഷണൽ സാമ്പിൾ സർവേ</u>.—നാഷണൽ സാമ്പിൾ സർവെ ഓർഗനൈസേഷൻ രാജ്യത്തിന്റെ സമ്പത്ത് വ്യവസ്ഥയുടെ വിവിധ വശങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ രാജ്യവ്യാപകമായ അടിസ്ഥാനത്തിൽ ശേഖരിക്കുന്നതിന് ഓരോ വർഷവും സാമ്പിൾ സർവേകൾ നടത്തുന്നു. കേരളവും തുല്യാടിസ്ഥാനത്തിൽ ഇതിൽ പങ്കെടുക്കുന്നു—37-ാം റൗണ്ടിൽ കർഷകരുടെ ആസ്തി, ഋണബാദ്ധ്യതകൾ എന്നിവയെ സംബന്ധിച്ച് ശേഖരിച്ച വിവരങ്ങൾ സൂക്ഷ്മപരിശോധന നടത്തിക്കൊണ്ടിരിക്കുന്നു, 36-ാം റൗണ്ടിൽ ശേഖരിച്ച ശാരീരിക വൈകല്യങ്ങളെക്കുറിച്ചുള്ള വിവരങ്ങളുടെ ടാബുലേഷൻ പുരോഗതിയിലാണ് 38-ാം റൗണ്ടിൽ 1983 ജനുവരി മുതൽ ഡിസംബർവരെയുള്ള കാലയളവിൽ ഗാർഹിക ചിലവുകളെക്കുറിച്ചും തൊഴിലില്ലായ്മയെക്കുറിച്ചും സർവേ നടത്തി. 1984 ജനുവരി മുതൽ ജനനമരണങ്ങളെക്കുറിച്ചുള്ള സർവേ ആരംഭിച്ചു. 32-ാം റൗണ്ടിൽ ശേഖരിച്ച് തൊഴിലുള്ളവരേയും തൊഴിലില്ലാത്തവരേയും സംബന്ധിച്ച് ശേഖരിച്ച വിവരങ്ങളെ അടിസ്ഥാനമാക്കി റിപ്പോർട്ട് പൂർത്തിയാക്കി.

16. <u>സാമ്പത്തിക സെൻസസ്</u>.—1980-ലെ രണ്ടാം സാമ്പത്തിക സെൻസസിൽ ശേഖരിച്ച 2.02 ലക്ഷം കാർഷിക- കാർഷികേതര സംരംഭങ്ങളുടെ വിവരങ്ങൾ ടാബുലേഷനുവേണ്ടി ജില്ലാടിസ്ഥാനത്തിൽ ടേപ്പിലേക്ക് മാറ്റിക്കൊണ്ടിരിക്കുന്നു. പട്ടികജാതി പട്ടികവർഗ്ഗക്കാർ നടത്തുന്ന സംരംഭങ്ങളുടെയും അതിൽ ഏർപ്പെട്ടിരിക്കുന്ന അംഗങ്ങളുടെയും വിവരങ്ങൾ ഇതിൽനിന്നും ലഭ്യമാകുന്നതാണ്. ഈ സർവേയുടെ താൽക്കാലിക റിപ്പോർട്ടുപ്രകാരം കേരളത്തിലെ ആകെ 9.27 ലക്ഷം സംരംഭങ്ങൾ ഉള്ളതായും അവയിൽ 25.35 ലക്ഷം ആളുകൾ ഏർപ്പെട്ടിരിക്കുന്നതായും കാണുന്നു. 1984 ഫെബ്രുവരിയിൽ ഈ പദ്ധതിയുടെ കാലാവധി തീർന്നിരിക്കുകയാണ്.

17. <u>മാനവശക്തി വിഭാഗം</u>.—റിപ്പോർട്ടുവർഷത്തിൽ താഴെ പറയുന്ന റിപ്പോർട്ടുകൾ തയ്യാറാക്കി പ്രസിദ്ധീകരണത്തിന് അയച്ചു.

മാൻപവർ ഫാക്ട് ബുക്ക് 1984-ഉം അഭ്യസ്ഥവിദ്യരും തൊഴിൽരഹിതരുമായ കേരളത്തിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരെക്കുറിച്ചും യന്ത്രവൽകൃത മൽസ്യബന്ധനത്തിൽ ഉൾക്കൊള്ളുന്ന മാനവശക്തിയെക്കുറിച്ചും ആധുനിക വൈദ്യശാസ്ത്രത്തിൽ ബിരുധാനന്തര ബിരുധം ഉള്ളവരുടെ വിനിയോഗത്തെക്കുറിച്ച് കേരളത്തിലെ യോഗ്യത കുറഞ്ഞവരും സാങ്കേതിക വൈദഗ്ധ്യമില്ലാത്തവരുമായവരുടെ തൊഴിൽ സാധ്യതയെക്കുറിച്ചും കേരളത്തിലുള്ള എഞ്ചിനീയറിംഗ് ബിരുദധാരികളുടെ വിനിയോഗ രീതിയെക്കുറിച്ചും കേരളത്തിലെ വനിതാ വ്യവസായ സംരംഭങ്ങളെക്കുറിച്ചും കേരളത്തിലെ എൻഞ്ചിനീയറിംഗ് വ്യവസായ സംരംഭങ്ങളിൽ ഉൾക്കൊള്ളുന്ന മാനവശക്തിയെക്കുറിച്ചും പരിശീലനം സിദ്ധിച്ച എൻഞ്ചിനീയർമാരുടെ വിനിയോഗം

പൊതുമരാമത്തുവകുപ്പിൽ എന്നതിനെക്കുറിച്ച് 'പ്രൈസം' പരിപാടിയിൻ കീഴിൽ ഉണ്ടായിട്ടുള്ള തൊഴിൽ അവസരങ്ങളെക്കുറിച്ചും കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കിലും ഉള്ള സ്റ്റുഡൻറ് വേസ്റ്റേജിനെക്കുറിച്ചും ഗിൽനെറ്റ് ഉപയോഗിച്ച് മൽസ്യബന്ധനത്തിൻെറ സാമ്പത്തികവശത്തെക്കുറിച്ചും ജൂനിയർ ടെക്നിക്കൽ സ്ക്കൂൾ വിദ്യാഭ്യാസം കഴിഞ്ഞവരെക്കുറിച്ചും കൃഷിവകുപ്പിൽ പരിശീലനം ലഭിച്ച സാങ്കേതിക വിദഗ്ദന്മാരുടെ വിനിയോഗത്തെക്കുറിച്ചും ഓരോ പഠനങ്ങൾ നടത്തി പ്രസിദ്ധീകരണത്തിന് അയച്ചു കൊടുത്തു.

18. കയർസർവേ വിഭാഗം.—31–10–1983–ലെ ഗവൺമെൻറ് ഉത്തരവ് (ജി. ഒ. ആർ. റ്റി. നമ്പർ 597/83/പ്ലാനിംഗ്) പ്രകാരം കയർ വ്യവസായത്തെ സംബന്ധിച്ചുള്ള ഒരു സർവേ നടത്തുന്നതിന് ഈ വകുപ്പിന് അംഗീകാരം ലഭിച്ചു. കയർബോർഡ്, വ്യവസായവകുപ്പ് കേന്ദ്രസ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ എന്നിവയുടെ പ്രതിനിധികൾ ഉൾപ്പെട്ട ഒരു കമ്മററിയാണ് ഈ സർവേയുടെ മാർഗ്ഗനിർദ്ദേശം നൽകുന്നത്. കയറുല്പാദന യൂണിറ്റുകളിലെ ഉല്പാദനത്തേയും തൊഴിലിനേയും കുറിച്ചുള്ള വിവരങ്ങളും വീടുകളിലും മറ്റു സ്ഥാപനങ്ങളിലും കയറിൻെറയും കയറുല്പന്നങ്ങളുടെയും ഉപഭോഗത്തെക്കുറിച്ചുള്ള വിവരങ്ങളുമാണ് പ്രധാനമായി ഈ സർവേവഴി ശേഖരിക്കുന്നത്. ഈ സർവേ 1984 ജനുവരിയിൽ ആരംഭിച്ചു.

19. വിലയിരുത്തൽ ഘടകം.—1983–84-ൽ കുണ്ടപദ്ധതിയുടെ കേരള സംസ്ഥാനത്തിനകത്തുള്ള നീരൊഴുക്ക് പ്രദേശത്തെ മണ്ണു സംരക്ഷണപ്രവർത്തനങ്ങളെക്കുറിച്ചുള്ള ഒരു വിലയിരുത്തൽ പഠനവും മിനി വ്യവസായ എസ്റ്റേറ്റുകളെ സംബന്ധിച്ചുള്ള മറ്റൊരു വിലയിരുത്തൽ പഠനവും തുടങ്ങിയിട്ടുണ്ട്.

20. സർവേകളുടെ രൂപരേഖ തയ്യാറാക്കുന്നതിനുള്ള യൂണിറ്റ്.—1982–83-ൽ പ്രവർത്തനം ആരംഭിച്ച ഈ ഡിവിഷൻ 1983–84-ൽ താഴെ പറയുന്ന സർവേകളുടെ രൂപരേഖ തയ്യാറാക്കി സർക്കാരിൻെറ അംഗീകാരത്തിനായി സമർപ്പിച്ചു:—

(1) കയർ വ്യവസായത്തെ സംബന്ധിച്ച സർവേ

(2) ചെത്തുതൊഴിലാളികളുടെ സാമ്പത്തിക സർവേ

(3) പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ താമസ സൗകര്യങ്ങളെ സംബന്ധിച്ച സർവേ

(4) വിഴിഞ്ഞം തുറമുഖത്തെ ചരക്ക് കയറ്റ് ഇറക്കുമതി സാദ്ധ്യതകളെക്കുറിച്ചുള്ള സർവേ

(5) ഭാരതീയ ജനസംഖ്യാപദ്ധതി 3 നെ അടിസ്ഥാനവിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സർവേ

(6) കേരളത്തിൽ ആരോഗ്യ പദ്ധതികൾ നടപ്പാക്കുന്നതിനെപ്പററിയുള്ള സർവേ.

ഇതിൽ കയർ വ്യവസായത്തെ സംബന്ധിച്ച സർവേക്ക് ഗവൺമെൻറിൽ നിന്നും അനുമതി ലഭിക്കുകയും 1984 ജനുവരിയിൽ സർവേ ആരംഭിക്കുകയും ചെയ്തു.

21. ഔദ്യോഗികഭാഷാ വിഭാഗം.—ജില്ലാതലങ്ങളിൽ മലയാളമാക്കുക എന്ന ഗവൺമെൻറ് നയം നടപ്പാക്കുന്നതിനുവേണ്ടി നടപടികൾ ഈ വിഭാഗം കൈക്കൊള്ളുകയും സർക്കാരിലേക്ക് ആവശ്യമായ റിപ്പോർട്ടുകളും വിവരങ്ങളും യഥാസമയം നൽകുകയും ചെയ്തിട്ടുണ്ട്. ഈ വകുപ്പിന് ആവശ്യമായ ഗ്ലോസറിക്കുവേണ്ടിയുള്ള റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

ഒരു സാങ്കേതിക വകുപ്പെന്ന നിലയിലും പല പഠനങ്ങളും സർവേകളും ദേശീയാടിസ്ഥാനത്തിൽ ആണെന്നുള്ളതുകൊണ്ടും ഇവിടെ മലയാളീകരണം ഒരു പരിധിവരെ മാത്രമേ നടപ്പാക്കാനാകു എന്നിരിക്കിലും സർക്കാരിന്റെ നിർദ്ദേശാനുസരണം സംസ്ഥാനത്തിനകത്തുള്ള കത്തിടപാടുകളും സർവേയ്ക്ക് ഉപയോഗിക്കുന്ന ഫാറങ്ങളും മലയാളത്തിലാക്കിക്കൊണ്ടിരിക്കുന്നു.

22. ആസൂത്രണം.—വിവിധ മേഖലകളിലെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാക്കുവാൻ ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുകയും അവയുടെ പ്രവർത്തനം അവലോകനം ചെയ്ത് സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയുമാണ് ഈ വിഭാഗത്തിന്റെ പ്രധാന ചുമതല. 1983–84 വാർഷിക പദ്ധതിയിൽ പതിനെട്ടോളം പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതികളുടെ പ്രവർത്തന പുരോഗതിയുടെ റിപ്പോർട്ട് പ്രതിമാസികമായും ത്രൈമാസികമായും വാർഷികമായും സർക്കാരിലേക്ക് അയയ്ക്കുന്നു. 1984–85 ലേയ്ക്കുള്ള പ്ലാൻ പദ്ധതികൾ തയ്യാറാക്കി ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ട്.

23. മെക്കാനിക്കൽ ടാബുലേഷൻ വിഭാഗം.—റിപ്പോർട്ടു വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ ജീവനക്കാരെക്കുറിച്ചുള്ള സെൻസസ് 1981-ന്റെ സോർട്ടിംഗും, വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് 1981-ന്റെ പഞ്ചിംഗ് ജോലികളും 34–ാം റൗണ്ട് നാഷണൽ സാംപിൾ സർവേയുടെ കറക്ഷൻ ജോലികളും ചെയ്തുകൊണ്ടിരിക്കുന്നു.

24. അഡ്മിനിസ്ട്രേറ്റീവ് ഇൻറലിജൻസ് വിഭാഗം.–സാമൂഹ്യക്ഷേമ വികസനവകുപ്പുകളിലെ പ്രവർത്തന പുരോഗതിയെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കുന്ന ജോലി ഈ വർഷവും തുടർന്നുകൊണ്ടിരുന്നു.

25. കോ–ഓർഡിനേഷൻ.—റിപ്പോർട്ടുവർഷത്തിൽ മറ്റു ഡിപ്പാർട്ടുമെൻറുകളിലെ സ്ഥിതിവിവരഘടകങ്ങളിൽ പ്രവർത്തി എടുക്കുന്ന ഉദ്യോഗസ്ഥന്മാരെ വിളിച്ചുകൂട്ടി ചർച്ചകൾ നടത്തുകയും അവരുടെ ജോലി അവലോകനം ചെയ്ത് ആവശ്യമായ സാങ്കേതിക ഉപദേശങ്ങൾ നൽകുകയും ചെയ്തു. ഇതിനു പുറമെ പ്രസിദ്ധീകരണവിഭാഗത്തിന്റെയും ഔദ്യോഗികഭാഷാ വിഭാഗത്തിന്റെയും, പദ്ധതി രൂപീകരണത്തിന്റെയും മേൽനോട്ടം വഹിക്കുകയുണ്ടായി.

26. പ്രസിദ്ധീകരണവും സംയോജനവും.—ഈ സ്റ്റേറ്റിന്റെ ആസൂത്രണത്തിന് ആവശ്യമായിവരുന്ന സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് പ്രസിദ്ധീകരിക്കുന്നതാണ് ഈ വിഭാഗത്തിന്റെ പ്രധാന ചുമതല. 1983–84-ൽ സ്റ്റാറ്റിസ്റ്റിക്സ് ഫോർ പ്ലാനിംഗ് 1983, വിമൻ ഇൻ കേരള 1984 എന്നീ രണ്ടു റിപ്പോർട്ടുകൾ തയ്യാറാക്കി പ്രസിദ്ധീകരണത്തിന് അയച്ചു. കൂടാതെ ഡിപ്പാർട്ടുമെൻറിന്റെ ത്രൈമാസിക ന്യൂസ്ലെറ്റർ തയ്യാറാക്കുന്ന ജോലിയും തുടർന്നുകൊണ്ടിരുന്നു.

റിപ്പോർട്ട് വർഷത്തിൽ ഈ ഡിപ്പാർട്ടുമെൻറിന്റെ വിവിധ വിഭാഗങ്ങൾ തയ്യാറാക്കിയ താഴെ പറയുന്ന റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയുണ്ടായി:—

(1) എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് ന്യൂസ് ലെറ്റർ വാല്യം 1, നമ്പർ 2

(2) ടി, വാല്യം 1, നമ്പർ 4

(3) ബ്രോഷർ ഓൺ ഹൗസിംഗ് സ്റ്റാറ്റിസ്റ്റിക്സ് 1982

(4) സാമ്പിൾ രജിസ്ട്രേഷൻ ആനുവൽ റിപ്പോർട്ട് 1930

(5) റിപ്പോർട്ട് ഓൺ ക്രോപ്പ് കട്ടിംഗ് സർവേസ് ഓൺ വിൻർ ആൻറ് സമ്മർ ക്രോപ്പ് ഓഫ് പാഡി 1981

(6) റിപ്പോർട്ട് ഓൺ ക്രോപ്പ് കട്ടിംഗ് സർവേ ഓൺ ഓട്ടം ക്രോപ്പ് ഓഫ് പാഡി 1980

(7) കൺസോളിഡേറ്റഡ് റിസൽട്ട്സ് ഓഫ് ക്രോപ്പ് കട്ടിംഗ് സർവേസ് 1978–79 ആൻറ് 1980–81

(8) റിപ്പോർട്ട് ഓൺ ദി സ്റ്റഡി ഓഫ് എസ്റ്റിമേറ്റ്സ് ഓൺ എംപ്ലോയീസ് എസ്.സി./എസ്. റ്റി. ഇൻ കേരള

(9) എക്കണോമിക്സ് ആൻറ് സ്റ്റാററിസ്ററിക്സ് ന്യൂസ് ലെറ്റർ വാല്യം 1, നമ്പർ 5.

## അദ്ധ്യായം 1

# ആമുഖം

കേരള യൂണിവേഴ്സിററിയുടെ ഒരു പ്രത്യേക ഘടകമായി പ്രവർത്തിച്ചിരുന്ന ബോർഡ് ഓഫ് സ്റ്റാറ്റിസ്റ്റിക്സ്, സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെൻറ് എന്ന ഒരു പ്രത്യേക വകുപ്പായി 1955-ൽ രൂപം കൊള്ളുകയും തുടർന്ന് 1963-ൽ ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് എന്ന പേരിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കേണ്ട ഒരു മേജർ വകുപ്പായിത്തീരുകയും ചെയ്തു. ഈ വകുപ്പ് സാമ്പത്തിക സ്ഥിതിവിവരക്കണക്കുകളെ സംബന്ധിച്ചിടത്തോളം അവയുടെ സ്വരൂപിക്കൽ, ക്രമീകരിക്കൽ, അപഗ്രഥനം എന്നീ മേഖലകളിൽ സംസ്ഥാനത്തെ മുഖ്യഘടകമായി നിലകൊള്ളുന്നു. കൂടാതെ സ്ഥിതിവിവരക്കണക്കുകളെ സംബന്ധിച്ചുള്ള പരാമർശങ്ങൾക്ക് സർക്കാരിൻെറ ഒരു ഉപദേശഘടകമായി പ്രവർത്തിക്കുന്നു. സംസ്ഥാനത്തിൻെറ സാമ്പത്തിക സ്ഥിതി വിവരക്കണക്കുകളെ സംബന്ധിച്ച് ആധികാരികമായ റിപ്പോർട്ടുകൾ വിശകലനംചെയ്ത് കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കും മററ് സാമ്പത്തിക കേന്ദ്രങ്ങൾക്കും അയച്ചുകൊടുക്കുന്നതും ഈ വകുപ്പിൻെറ ചുമതലയിൽപ്പെട്ടതാകുന്നു. തൻമൂലം കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഈ വകുപ്പ് പരമപ്രധാനമായ ഒരു പങ്ക് നിർവഹിച്ചുപോരുന്നു.

## ഘടന

വകുപ്പദ്ധ്യക്ഷനായ ഡയറക്ടറെ സാങ്കേതിക കാര്യങ്ങളിൽ സഹായിക്കാൻ മൂന്ന് അഡീഷണൽ ഡയറക്ടർമാരും 8 ജോയിൻറ് ഡയറക്ടർമാരും ഭരണപരമായ കാര്യങ്ങളിൽ സഹായിക്കുന്നതിന് ഒരു അഡ്മിനിസ്ട്രേറ്റീവ് ആഫീസറും മൂന്ന് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറുമാരും റിപ്പോർട്ട് വർഷത്തിൽ പ്രവർത്തിച്ചുപോന്നു. കൂടാതെ വിവിധ മേഖലകളിലെ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനും നിയന്ത്രണത്തിനുമായി 4 ഡെപ്യൂട്ടി ഡയറക്ടർമാരും 15 അസിസ്റ്റൻറ് ഡയറക്ടർമാരും 26 റിസർച്ച് ഓഫീസർമാരും പ്രവർത്തിച്ചു. പത്തനംതിട്ട ഒഴിച്ച് ബാക്കി എല്ലാ ജില്ലകളിലും ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസുകൾ പ്രവർത്തിക്കുന്നു. വയനാട് ഒഴിച്ച് ബാക്കി ജില്ലാ ഓഫീസുകളിൽ ഡെപ്യൂട്ടി ഡയറക്ടർമാർ ഓഫീസ് മേധാവിയുടെ ചുമതല വഹിച്ചു. കൂടാതെ എല്ലാ ജില്ലകളിലും ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർമാരും സാങ്കേതിക കാര്യങ്ങളുടെ മേൽനോട്ടം വഹിക്കാൻ അഡീഷണൽ ജില്ലാ ഓഫീസർമാരും റിസർച്ച് ഓഫീസർമാരും അഡീഷണൽ ജില്ലാ ഓഫീസറുടെ പദവിയിലുള്ള ഓരോ പ്രൈസ് സൂപ്പർവൈസർമാരും ഉണ്ടായിരുന്നു. സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടറുടെ ചുമതലയിൽ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകൾ പ്രവർത്തിച്ചു. ഫീൽഡ് ഇൻവെസ്ററിഗേററർമാരുടെ പ്രവർത്തനം താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർമാരും അഡീഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർമാരും നിയന്ത്രിച്ചുപോന്നു.

അദ്ധ്യായം 2

## 1. കാർഷിക സ്ഥിതിവിവരക്കണക്ക് (ററി. ആർ. എസ്.) വിഭാഗം

1975–76–ന് മുമ്പ് ഭൂവിനിയോഗം കണക്കാക്കാൻവേണ്ടി നടത്തിയിരുന്ന സർവേ അടിസ്ഥാനമാക്കിയാണ് കാർഷിക സ്ഥിതിവിവരക്കണക്ക് തയ്യാറാക്കിയിരുന്നത്. നെൽകൃഷിക്കു മാത്രമേ വിളവെടുപ്പ് പരീക്ഷണങ്ങൾ നടത്തിയിരുന്നുള്ളു. താൽക്കാലികമായി നടത്തുന്ന സർവേ അടിസ്ഥാനമാക്കിയാണ് മററ് വിളകളുടെ ഉല്പാദനസ്ഥിതി വിവരം കണക്കാക്കിയിരുന്നത്. ഇങ്ങനെ തയ്യാറാക്കുന്ന കാർഷിക സ്ഥിതി വിവരക്കണക്കിൻെറ കൃത്യത മെച്ചപ്പെടുത്തുന്നതിനുവേണ്ടി അതാതു കാലങ്ങളിൽ കൃഷി ചെയ്യുന്ന വിളകളുടെ വിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനുവേണ്ടി ഒരു ഏജൻസി ഏർപ്പെടുത്തി. കാർഷികസ്ഥിതി വിവരക്കണക്ക് സമയാസമയങ്ങളിൽ ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനുള്ള പദ്ധതി എന്നാണ് ഇതറിയപ്പെടുന്നത്.

വിവിധയിനം വിളവുകൾ കൃഷി ചെയ്യുന്ന സ്ഥലത്തിൻെറ വിസ്തൃതി അവയുടെ ഉല്പാദനം മററ് ഭൂവിനിയോഗങ്ങൾ, വിവിധ മാർഗ്ഗങ്ങളിലൂടെ ജലസേചനം ലഭിക്കുന്ന സ്ഥലത്തിൻെറ വിസ്തൃതി, വിവിധ വിളകളിൽ ജലസേചനംലഭിക്കുന്ന സ്ഥലത്തിൻെറ വിസ്തൃതി, അത്യുല്പാദന ശേഷിയുള്ള നെൽകൃഷിചെയ്യുന്ന സ്ഥലത്തിൻെറ വിസ്തൃതി തുടങ്ങിയ വിവരങ്ങൾ യഥാകാലം ശേഖരിക്കുകയും അതനുസരിച്ച് കാർഷികസ്ഥിതിവിവര പട്ടിക തയ്യാറാക്കുകയുമാണ് ഇതു കൊണ്ടുദ്ദേശിക്കുന്നത്. അഞ്ചുവർഷം കൊണ്ട് സംസ്ഥാനമൊട്ടാകെയുള്ള എല്ലാ വില്ലേജുകളിലെയും വിവരങ്ങൾ ശേഖരിക്കുകയാണ് ലക്ഷ്യം. ഇതനുസരിച്ച് ഒന്നാമത്തെ ഘട്ടം 1975–76-ൽ ആരംഭിച്ച് 1980–81 വർഷത്തിൽ പൂർത്തിയായി. രണ്ടാം ഘട്ടം 1981 ജൂലായ് മാസത്തിൽ ആരംഭിച്ചു. ഓരോ വർഷവും 20% റവന്യൂ വില്ലേജുകൾ വീതം സർവേ ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതനുസരിച്ച് 1983–84-ൽ 270 വില്ലേജുകൾ തിരഞ്ഞെടുത്തു. 1983 ജൂലൈയിൽ സർവേ ആരംഭിച്ചു. ഇതിനുവേണ്ടി അനുവദിച്ചിട്ടുള്ള ജീവനക്കാരുടെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| ജോയിൻറ് ഡയറക്ടർ | 1 |
| അസിസ്ററൻറ് ഡയറക്ടർ | 3 |
| അഡീഷണൽ ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ | 11 |
| റിസർച്ച് അസിസ്ററൻറ് | 5 |
| സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ | 74 |
| ഇൻവെസ്ററിഗേററർ | 721 |
| കമ്പയിലർ | 8 |
| അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ് | 1 |
| ജൂനിയർ സൂപ്രണ്ട് | 1 |
| ക്ലാർക്ക് | 15 |
| ടൈപ്പിസ്ററ് | 12 |
| പ്യൂൺ | 4 |

ഇതിനുവേണ്ടിവരുന്ന ചെലവിൻെറ 50% സംസ്ഥാന ഗവൺമെൻറ് വഹിക്കും. റിപ്പോർട്ട് വർഷത്തിൽ പുതിയതായി തസ്തികകളൊന്നും അനുവദിച്ചിട്ടില്ല. ഇതു കൂടാതെ സംസ്ഥാന ഗവൺമെൻറിൻെറ മൊത്തം ചെലവിൽ വിവിധ തലത്തിൽ ഉദ്യോഗസ്ഥൻമാരുണ്ട്.

സംസ്ഥാനത്തൊട്ടാകെ യുള്ള ഇൻവെസ്റ്റിഗേറ്ററൻമാരാണ് സർവേക്കു വേണ്ടിയുള്ള വിവരങ്ങൾ ശേഖരിക്കുന്നത്. താലൂക്ക് തലത്തിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടറും അഡീഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടറും ജില്ലാതലത്തിൽ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഫീസർ, അഡീഷണൽ ജില്ലാ ഓഫീസർ എന്നിവരും ഇതിൻെറ മേൽനോട്ടം വഹിക്കുന്നു.

1983–84-ലെ ഭൂവിനിയോഗത്തിൻെറയും ജലസേചനത്തിൻെറയും ഓരോ വിളവും കൃഷിചെയ്ത സ്ഥലത്തിൻെറയും വിവരങ്ങൾ ശേഖരിച്ചു വരുന്നു. നെൽകൃഷിയുടെ വിരിപ്പുകാലത്തേയും മുണ്ടകൻ കാലത്തേയും വിവരങ്ങൾ ശേഖരിച്ചു. കൃഷിചെയ്ത സ്ഥലത്തിൻെറ വിസ്തൃതിയും ഉൽപ്പാദിപ്പിച്ച നെല്ലിൻെറയും കണക്ക് തയ്യാറാക്കിവരുന്നു. വിളവെടുപ്പ് പരീക്ഷണങ്ങൾ നടത്തുവാൻവേണ്ടി നെല്ല്, മരച്ചീനി, തെങ്ങ്, കമുക്, കശുമാവ്, കുരുമുളക്, കൊക്കോ, മാവ്, പ്ലാവ് , ഏത്തവാഴ, മററിനംവാഴ എന്നിവ തിരഞ്ഞെടുത്തു. ഇതിൽ വിരിപ്പ് നെൽകൃഷിയുടെ വിളവെടുപ്പ് പരീക്ഷണങ്ങൾ കഴിഞ്ഞു. മററ് വിളകളുടേത് നടന്നുകൊണ്ടിരിക്കുന്നു. ഓരോ വിളകൾക്കും നടത്താൻ തീരുമാനിച്ചിട്ടുള്ള വിളവെടുപ്പ് പരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| നെല്ല്—വിരിപ്പ് | 1580 | എണ്ണം |
| മുണ്ടകൻ | 1578 | ,, |
| പുഞ്ച | 1017 | ,, |
| മരച്ചീനി | 1265 | ,, |
| തെങ്ങ് | 533 | ,, |
| കമുക് | 430 | ,, |
| കശുമാവ് | 398 | ,, |
| കുരുമുളക | 389 | ,, |
| കൊക്കോ | 300 | ,, |
| മാവ് | 260 | ,, |
| പ്ലാവ് | 200 | ,, |
| ഏത്തവാഴ | 213 | ,, |
| മററിനംവാഴ | 290 | ,, |

1982–83-ലെ സർവേ മുഖാന്തിരം ശേഖരിച്ച വിവരങ്ങൾ അപഗ്രഥിച്ചുകൊണ്ടിരിക്കുന്നു.

സമാന്തര സാമ്പിൾ പരിശോധനാ പദ്ധതി.—ടി. ആർ. എസ്സിന് തിരഞ്ഞെടുക്കപ്പെട്ട എല്ലാ വില്ലേജുകളിലും ഈ പദ്ധതി നടപ്പാക്കുകയുണ്ടായി. ഇതനുസരിച്ചുള്ള ഫീൽഡ്‌വർക്ക് 50% വില്ലേജുകളിൽ നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷനും 50% അഡീഷണൽ ജില്ലാ ഓഫീസറും നടത്തുന്നു. 1982–83-ൽ നടത്തിയ സർവേയുടെ വിവരങ്ങൾ ക്രോഡീകരിച്ചുകൊണ്ടിരിക്കുന്നു.

ഇതു കൂടാതെ താഴെ പറയുന്ന ജോലികൾകൂടി ഈ ഡിവിഷനിൽ നടക്കുന്നുണ്ട്.

മഴയുടെ സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കൽ.—സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽനിന്നും ദിവസേനയുള്ള മഴ വിവരം റവന്യൂ ബോർഡിൽനിന്നും ഇവിടെ കിട്ടുന്നു. ഇവ സമാഹരിച്ച് പൂനയിലെ ഒബ്സർവേറ്ററി അഡീഷണൽ ഡയറക്ടർ ജനറലിന് അയച്ചുകൊടുത്തു.

ഫോർകാസ്റ്റ് റിപ്പോർട്ട് തയ്യാറാക്കൽ.—പ്രധാനപ്പെട്ട വിളകൾ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയും ഉൽപ്പാദനവും മുൻകൂട്ടി തയ്യാറാക്കുന്ന രീതിയനുസരിച്ച് ഈ വർഷവും പ്രസ്തുത റിപ്പോർട്ടുകൾ തയ്യാറാക്കി യഥാകാലം ഇൻഡ്യാ ഗവൺമെന്റിനും മററ് ബന്ധപ്പെട്ട ആഫീസുകൾക്കും അയച്ചുകൊടുത്തു.

## 2. കാർഷിക സെൻസസ്

(എ) സെൻസസിന്റെ പ്രധാന ലക്ഷ്യങ്ങൾ.—(1) ഭൂപരിഷ്ക്കരണ നിയമം നടപ്പാക്കിയശേഷം ഭൂമിയുടെ കൈവശാവകാശത്തിൽ വന്നിട്ടുള്ള മാറ്റങ്ങളും, തൻമൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങളും അപഗ്രഥിക്കുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുക.

(2) ഭൂവിനിയോഗം, കാർഷിക വിളകളുടെ വിസ്തീർണ്ണം, ജലസേചന സൗകര്യം തുടങ്ങിയവയെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക.

(3) വിത്ത്, വളം, കീടനാശിനികൾ തുടങ്ങി കാർഷികാവശ്യത്തിനുള്ള അവശ്യഘടകങ്ങളെ (ഇൻപുട്ട്സ്) കുറിച്ച് സമഗ്രമായ വിവരങ്ങൾ ശേഖരിക്കുക.

(4) കാർഷികാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന ഉപകരണങ്ങൾ, കന്നുകാലികൾ തുടങ്ങിയവയെപ്പററിയും കാർഷികവായ്പയുടെ ലഭ്യതയേയുംകുറിച്ച് പ്രധാന വിവരങ്ങൾ ശേഖരിക്കുക. കൈവശഭൂമിയെക്കുറിച്ചുള്ള മേൽപറഞ്ഞ വിവരങ്ങൾ പൊതുവായും, പട്ടികജാതി പട്ടിക വർഗ്ഗക്കാരെ സംബന്ധിച്ച് പ്രത്യേകമായും ശേഖരിക്കുന്നുണ്ട്.

(ബി) പദ്ധതി വിഭവ സമാഹാരം—(1) പദ്ധതി പ്രവർത്തനത്തിന് അനുവദിച്ചിട്ടുള്ള സ്ററാഫ്.—സെൻസസ് പ്രവർത്തനങ്ങൾക്ക് താഴെ പറയുന്ന തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

### 1. 1. ഹെഡ്ക്വാർട്ടേഴ്സ് സ്ററാഫ്

| | | |
|---|---|---|
| 1. | ജോയിൻറ് ഡയറക്ടർ | 1 |
| 2. | റിസർച്ച് അസിസ്ററൻറ് | 1 |
| 3. | ടൈപ്പിസ്ററ്/ക്ലാർക്ക് | 1 |
| 4. | ഡ്രൈവർ | 1 |
| 5. | പ്യൂൺ | 1 |
| 6. | കോൺഫിഡൻഷ്യൽ അസിസ്ററൻറ് | 1 |

### 1. 2. ടാബുലേഷൻ സ്ററാഫ്

| | | |
|---|---|---|
| 1. | ഡെപ്യൂട്ടി ഡയറക്ടർ | 1 |
| 2. | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ് | 1 |
| 3. | റിസർച്ച് ആഫീസർ | 11 |

| | |
|---|---|
| | 1 |
| 4. റിസർച്ച് അസിസ്റ്റൻറ് | 12 |
| 5. കമ്പയിലർ (യു. ഡി.) | 31 |
| 6. കമ്പയിലർ (എൽ. ഡി) | 1 |
| 7. പ്യൂൺ | |

യാണ് അനുവദി

ടാബുലേഷൻ സ്ററാഫ് 1984 മാർച്ച് 31 വ...
ച്ചിട്ടുള്ളത്.

ന്നി ആറാ,

(2) പദ്ധതിചെലവ്.—പദ്ധതി പ്രവർത്തനങ്ങൾക്കാ... ള്ളത്.
പദ്ധതിയിൽ 15.90 ലക്ഷം രൂപയാണ് വകകൊള്ളിച്ചിട്ടു... റിപ്പോർട്ട് വർഷത്തിൽ ഡിസംബർ മാസംവരെ ആകെ 5,47,496 രൂ... ചെലവായി.

(സി) പ്രവർത്തന പുരോഗതി.—സെൻസസ് പ്രധാനമായി രണ്ട് ഘടകങ്ങളിലായിട്ടാണ് നടത്തുന്നത്. ഒന്ന് മെയിൻ സെൻസസും രണ്ട് നിവേശപര്യാവേഷണവും (Input survey) റിപ്പോർട്ട് വർഷത്തിൽ കഴിഞ്ഞ വർഷം മെയിൻ സെൻസസിനും ഇൻപുട്ട് സർവേക്കുംവേണ്ടി ശേഖരിച്ച വിവരങ്ങളുടെ ടാബുലേഷൻ ജോലിയാണ് പ്രധാനമായും നടന്നത്. ഇതിൽ മെയിൻ സെൻസസിന്റെ ടാബുലേഷൻ ജോലികൾ പൂർത്തിയാക്കുകയും ആവശ്യമായപട്ടികകൾ തയ്യാറാക്കുകയും ചെയ്തു. കേന്ദ്രഗവൺമെൻറിന്റെ നിർദ്ദേശപ്രകാരം തയ്യാറാക്കപ്പെട്ട പ്രസ്തുത പട്ടികകൾ ഈ സാമ്പത്തിക വർഷത്തിൽത്തന്നെ കേന്ദ്രഗവൺമെൻറിന് അയച്ചുകൊടുക്കുന്നതാണ്. ഇൻപുട്ട് സർവേയുടെ ടാബുലേഷൻ ജോലികളും പട്ടികകൾ തയ്യാക്കലും പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്.

(ഡി) പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്കു വേണ്ടിയുള്ള പ്രത്യേക പരിപാടി.—സെൻസസിൽനിന്ന് ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെയും വിവരങ്ങളും പ്രത്യേകം പ്രത്യേകം തയ്യാറാക്കുന്നുണ്ട്. ഇതിനുവേണ്ടി 4.34 ലക്ഷം രൂപ പ്രത്യേകം കേന്ദ്രഗവൺമെൻറിൽനിന്നും അനുവദിച്ചിട്ടുണ്ട്.

## 3. കൃഷിചെലവു സർവേ

കേരളത്തിലെ പ്രധാനപ്പെട്ട കാർഷിക വിളവുകളായ നെല്ല്, തെങ്ങ്, മരച്ചീനി, കമുക്, കുരുമുളക്, ഇഞ്ചി, മഞ്ഞൾ എന്നിവകളുടെ കൃഷിചെലവിനെ സംബന്ധിച്ചിടത്തോളം വസ്തുനിഷ്ഠമായ പഠനങ്ങളൊന്നും വളരെക്കാലങ്ങളായി നടത്തപ്പെട്ടിട്ടില്ലാത്തതിനാൽ 27-10-1979-ലെ ജി. ഒ. (ആർ.ടി)466/79/പ്ലാനിംഗ് പ്രകാരം മേൽപറഞ്ഞ വിളവുകളുടെ കൃഷിചിലവിനെപ്പററി 1980-81 മുതൽ 1982-83 വരെ തിരഞ്ഞെടുക്കപ്പെട്ട 21 താലൂക്കുകളിൽ നടത്തപ്പെട്ട സർവേ 31-3-1983-ൽ പൂർത്തിയായി.

1-4-1983 മുതൽ മുൻ പ്രസ്താവിച്ചിട്ടുള്ള വിളവുകളുടെ വിപണ്യമിച്ചത്തെക്കുറിച്ചുള്ള ഒരു സർവേ നടത്തിപ്പിന്റെ മുന്നോടി പദ്ധതി എന്ന നിലയിൽ ഒരു പഠനം മൂന്നു മാസം നടത്തുകയും ശേഖരിക്കപ്പെട്ട വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി പ്രാഥമിക പട്ടികകൾ തയ്യാറാക്കി വയ്ക്കുകയും ചെയ്തു.

7-6-1983-ലെ ജി. ഒ. (ആർ. ടി.) 284/83/പ്ലാനിംഗ് പ്രകാരം കൃഷി ചെലവിനെക്കുറിച്ചുള്ള സർവേ 1983-84-ൽ തുടർന്നു നടത്തുന്നതിനും

2-6-1983-ലെ ജി. ഒ. (ആർ. ടി.) 277/83/പ്ലാനിംഗ് പ്രകാരം പ്രധാനപ്പെട്ട വിളവുകളുടെ വിപണ്യമിച്ചത്തിൻെറ പ്രമാകം കണക്കാക്കുന്നതിനായി ഒരു സാമ്പിാം സർവെ പ്രസ്തുത വർഷത്തിൽ നടത്തുന്നതിനും ഉത്തരവായി.

ഈ സംസ്ഥാനത്തെ നെല്ല്, തെങ്ങ്, മരച്ചീനി, കമുക്, കുരുമുളക്, കൊക്കോ, ഏത്തവാഴ, ഇഞ്ചി എന്നീ പ്രധാന വിളവുകളെ പരിപോഷിപ്പിക്കുന്നതിനും ആവശ്യമായ ആസൂത്രണം നടത്തുന്നതിനും ശാസ്ത്രീയവും വൈവിദ്ധ്യമാർന്നതുമായ കൃഷിരീതികാം അവലംബിക്കുന്നതുകൊണ്ട് കൃഷിചിലവിൽ വരുന്ന വർദ്ധനവു നിയന്ത്രിക്കുന്നതിനും കാർഷിക വിഭവങ്ങാംക്കു താങ്ങുവിലയും തറവിലയും കണക്കാക്കുന്നതിനും മററുമായി ഓരോ വിളവിൻെറയും കൃഷിചെലവ് അറിയേണ്ടത് അത്യന്താപേക്ഷിതമായിരിക്കുകയാണ്. അതേസമയംതന്നെ മേൽപ്പറഞ്ഞ വിളവുകളിൽ വർഷം പ്രതി ഉണ്ടാകുന്ന വിപണ്യാമിച്ചത്തിൻെറ പ്രമാകം കണക്കാക്കുകയാണ് രണ്ടാമത്തെ സർവേയുടെ ഉദ്ദേശ്യം.

കൃഷിചെലവ് സർവേയുടെ നടത്തിപ്പിനായി ഹെഡ്ക്വാർട്ടേഴ്സിൽ ഒരു ജോയിൻറ് ഡയറക്ടറുടെ (സാമൂഹ്യ സാമ്പത്തിക സർവേ) യും ഒരു അസിസ്ററൻറ് ഡയറക്ടറുടെ (ചെറുകിട ജലസേചനം) യും മേൽനോട്ടത്തിൽ ഒരു റിസർച്ച് അസിസ്ററൻറും ഒരു യു.ഡി. കമ്പയിലറും താലൂക്കുതലത്തിൽ വിവരം ശേഖരിക്കുന്നതിനായി 14 യു. ഡി. ഇൻവെസ്ററിഗേററർമാരും 28 എൽ. ഡി. ഇൻവെസ്ററിഗേററർമാരും നിയോഗിക്കപ്പെട്ടിരുന്നു.

വിപണ്യമിച്ച സാമ്പിാം സർവേയ്ക്കുവേണ്ടി ഹെഡ്ക്വാർട്ടേഴ്സിൽ ഒരു സ്പെഷ്യൽ ആഫീസറും വിവരശേഖരണത്തിനുവേണ്ടി 5 യു. ഡി. ഇൻവെസ്ററിഗേററർമാരും 17 എൽ. ഡി. ഇൻവെസ്ററിഗേററർമാരും നിയോഗിക്കപ്പെട്ടു.

രണ്ടു സർവ്വേകളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ട് ഒരുമിച്ചാണ് 1-7-1984 മുതൽ 53 താലൂക്കുകളിൽ (കാഞ്ഞിരപ്പള്ളി, പീരുമേട്, ദേവികുളം, വൈത്തിരി, മാനന്തവാടി താലൂക്കുകാം ഒഴിവാക്കി) നടപ്പാക്കിയത്. താലൂക്കുതലത്തിൽ ശേഖരിക്കപ്പെടുന്ന വിവരം ജില്ലാതലത്തിൽ പ്രാഥമിക പട്ടികകാം തയ്യാറാക്കുന്നതിന് എല്ലാ ജില്ലകളിലും (ഇടുക്കിയും കോഴിക്കോടും ഒഴിവാക്കിയിട്ടുണ്ട്) ഓരോ കമ്പയിലറെയും നിയോഗിച്ചിരുന്നു.

സർവേയ്ക്കുവേണ്ടി തിരഞ്ഞെടുക്കപ്പെട്ട ഓരോ താലൂക്കിലും ഒരു ഇൻവെസ്ററിഗേററർ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വിളവുകളുടെ കൃഷിച്ചിലവിനെപ്പററി പഠനം നടത്തുന്നതിനു തിരഞ്ഞെടുക്കപ്പെട്ട നിലങ്ങളിൽ/പറമ്പുകളിൽകൃഷി നടത്തുന്ന കർഷകരെ രണ്ടാഴ്ചയിൽ ഒരിക്കൽ സന്ദർശിച്ച് അതതുപക്ഷങ്ങളിൽ നടത്തുന്ന കൃഷിമുറകളും അവയ്ക്കുവേണ്ടിവരുന്ന അദ്ധ്വാനവും ചെലവും നിശ്ചിത ഫാറങ്ങളിൽ രേഖപ്പെടുത്തുകയും ചെയ്തു. ഇപ്രകാരം റിപ്പോർട്ടുവർഷത്തെ വിരിപ്പു/മുണ്ടകൻ നെൽകൃഷിയെ സംബന്ധിച്ചുള്ള പഠനം പൂർത്തിയാക്കി. മേൽപ്പറഞ്ഞതായ വിവരശേഖരണം പരിശോധിക്കുന്നതിന് താലൂക്കുതലത്തിൽ ഒരു അഡീഷണൽ സ്റ്റാററിസ്ററിക്കൽ ഇൻസ്പെക്ടറേയും ജില്ലാതലത്തിൽ ജില്ലാ ഓഫീസറേയും അധികാരപ്പെടുത്തിയിരുന്നു.

1980–81 മുതൽ 1982–83 വരെ നടത്തപ്പെട്ട കൃഷിചെലവു സർവേയും ശേഖരിക്കപ്പെട്ട വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി താലൂക്കുതലത്തിൽ തയ്യാർ ചെയ്യപ്പെട്ട പ്രാഥമിക പട്ടികകരം ആധാരമാക്കി ഹെഡ്ക്വാർട്ടേഴ്സിൽ സംസ്ഥാനതലത്തിലുള്ള പട്ടിക തയ്യാറാക്കൽ റിപ്പോർട്ടു വർഷത്തിലും തുടർന്നു. പ്രസ്തുത ജോലിക്കുവേണ്ടി മൂന്നു യു. ഡി. ഇൻവെസ്ററിഗേററർമാരെ കമ്പയിലർമാരായി ഈ വർഷത്തിലും തുടരാൻ അനുവദിച്ചിരുന്നു.

## 4. കർഷകത്തൊഴിലാളികളെക്കുറിച്ചുള്ള സാമൂഹ്യ-സാമ്പത്തിക സർവേ

2–6–1983-ലെ സർക്കാർ ഉത്തരവ് നമ്പർ ആർ. ടി. 277/83/പ്ലാനിംഗ് അനുസരിച്ച് അനുവദിച്ച സാമൂഹ്യ-സാമ്പത്തിക സർവേ—കർഷകത്തൊഴിലാളികളെയും മററു ഗ്രാമീണ തൊഴിലാളികളെയും സംബന്ധിച്ച് എന്ന സ്കീം 1983 ജൂലൈ മുതൽ നടപ്പാക്കിത്തുടങ്ങി. കർഷത്തൊഴിലാളികളുടെയും മററു ഗ്രാമീണ തൊഴിലാളികളുടെയും കുടുംബങ്ങളെക്കുറിച്ചുള്ള സാമൂഹ്യ-സാമ്പത്തികവുമായ കാര്യങ്ങളുടെ കൃത്യമായ വിവരങ്ങരം ശേഖരിക്കുകയാണ് ഈ സർവേകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പഠനത്തിന് ആവശ്യമായ വിവരങ്ങരം ശേഖരിക്കുന്നത് കർഷകത്തൊഴിലാളികളുടെയും മററു ഗ്രാമീണ തൊഴിലാളികളുടെയും കുടുംബങ്ങളെ പ്രതിനിധീകരിക്കുന്ന മാതൃകകളിൽനിന്നായിരിക്കും.

ആഗസ്ററ് മാസത്തിൽ സംസ്ഥാനത്തിൻെറ വിവിധ ജില്ലാ ഓഫീസുകളിൽവെച്ച് ഇൻവെസ്ററിഗേറ്റർമാർക്ക് പരിശീലനം നൽകുകയുണ്ടായി. സർവേയുടെ കൃത്യമായ വിവരങ്ങരം ശേഖരിക്കുന്നതിനുവേണ്ടി ഓരോ ജില്ലയിലേയും ജില്ലാതലത്തിലുള്ള ആഫീസർമാരെ ചുമതലപ്പെടുത്തിയിരിക്കുന്നു. ഈ സർവേയുടെ കാലയളവ് 12 മാസമാണ്. 28 ഇൻവെസ്ററിഗേററർമാർ കേരളത്തിലെ 336 വില്ലേജുകളിൽ വിവരശേഖരണം നടത്തിക്കൊണ്ടിരിക്കുകയാണ്. വിവരശേഖരണത്തിൻെറ മൂന്നിൽ രണ്ടുഭാഗം പൂർത്തീകരിച്ചു. പൂരിപ്പിച്ച ഷെഡ്യൂളുകരം വിശദമായ സൂക്ഷ്മപരിശോധന ജില്ലാ ആഫീസർമാർ നടത്തുന്നുണ്ട്.

താഴെ പറയുന്ന തസ്തികകളാണ് പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി അനുവദിച്ചിട്ടുള്ളത്.

| | |
|---|---|
| ജോയിൻറ് ഡയറക്ടർ | .. 1 |
| റിസർച്ച് ഓഫീസർ | .. 2 |
| കോൺഫിഡൻഷ്യൽ അസിസ്ററൻറ് | .. 1 |
| കമ്പയിലർ | .. 2 |
| ഇൻവെസ്ററിഗേററർ (ഫീൽഡ് വർക്ക്) | .. 28 |

ടാബുലേഷൻ ജോലിക്ക് അനുവദിച്ചിട്ടുള്ളത് താഴെ പറയുന്ന തസ്തികകളാണ്.

| | |
|---|---|
| റിസർച്ച് അസിസ്ററൻറ് | .. 3 |
| കമ്പയിലർ | .. 12 |

## 5. ഇറിഗേഷൻ സ്റ്ററ്റിസ്റ്റിക്സ് വിഭാഗം

കേരളത്തിലെ ജലസേചനസൗകര്യങ്ങളെപ്പററിയുള്ള വിവരങ്ങൾ ശേഖരിക്കുന്നത് മെച്ചപ്പെടുത്തുന്നതിനുവേണ്ടി 24-10-1980-ലെ ജി. ഒ. (ആർ. ടി.) 484/80/പ്ലാനിംഗ് ഉത്തരവനുസരിച്ച് രൂപീകൃതമായതാണ് ഈ വിഭാഗം.

റിപ്പോർട്ടു വർഷത്തിൽ കൊല്ലം ജില്ലയിൽ ചെറുകിട ജലസേചനത്തിലെ ആയക്കെട്ടു പരിശോധന നടത്തുന്നതിനുള്ള സർവേ നടത്തി. തിരുവനന്തപുരം ജില്ലയിലെ ആയക്കെട്ടു പരിശോധന നടത്തിയ സർവേ റിപ്പോർട്ട് ഗവൺമെൻറിൽ സമർപ്പിക്കുകയുണ്ടായി. കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലെ ചെറുകിട ജലസേചനത്തിൻെറ ആയക്കെട്ടു പരിശോധന സർവേ പുരോഗമിച്ചുവരുന്നു.

ഇന്ത്യാ ഗവൺമെൻറാണ് ഇതിൻെറ ചെലവുവഹിക്കുന്നത്.

## അദ്ധ്യായം 3

## പ്രൈസസ് വിഭാഗം

എ. ഈ ഡയറക്ടറേറ്റിലെ പ്രൈസ് ഡിവിഷൻ പ്രൈസ് (ജനറൽ) ഇൻഡക്സ് സീരീസ് എന്നീ രണ്ടു വിഭാഗങ്ങളോടുകൂടി തുടർന്ന് പ്രവർത്തിച്ചു വരുന്നു. കമ്പോള നിലവാരത്തെ സംബന്ധിച്ചു ജോലികൾ തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള റീജിയണൽ ഓഫീസർമാരാണ് നിർവഹിച്ചുവരുന്നത്.

പ്രൈസ് ജനറൽ.—ഈ വിഭാഗം താഴെ പറയുന്ന ജോലികൾ തുടർന്നും നിർവഹിച്ചുവരുന്നു.

1. 50 അവശ്യസാധനങ്ങളുടെ ദൈനംദിനവില ഇടുക്കി, വയനാട്, പത്തംതിട്ട ഇവ ഒഴിച്ചുള്ള എല്ലാ ജില്ലാതലസ്ഥാനങ്ങളിൽനിന്നും ടെലക്സ് മുഖേന ശേഖരിച്ച് ക്രോഡീകരിച്ച് അടുത്ത ദിവസംതന്നെ ഗവൺമെൻറിലേക്ക് അയച്ചുവരുന്നു.

2. വിലയുടെ പ്രവണതയെ കാണിക്കുന്ന പ്രതിമാസ റിപ്പോർട്ട് തയ്യാറാക്കി ഗവൺമെൻറിലേക്ക് അയച്ചുവരുന്നു.

3. 92 ഇനം ഉപഭോക്തൃസാധനങ്ങളുടെ പ്രതിവാര ചില്ലറവില ശേഖരിച്ച് ഉപഭോക്തൃ വിലസൂചിക തയ്യാറാക്കിവരുന്നു.

ഉപഭോക്തൃ വിലസൂചിക കണക്കാക്കുന്നതിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് നിയുക്തമായ കമ്മിററിയുടെ ശുപാർശ അനുസരിച്ച് റേഷൻ സാധനങ്ങളുടെ ഓഫ്ടേക്ക് സർവേ നടത്തുന്നതിന് 12 പ്രൈസ് സൂപ്പർവൈസറി ഓഫീസർ തസ്തിക സൃഷ്ടിക്കപ്പെടുകയുണ്ടായി. ആദ്യത്തെ സർവേ 1980 ഓഗസ്ററിൽ നടത്തുകയും 1980 ജൂലൈ മുതലുള്ള ഉപഭോക്തൃ വിലസൂചിക പ്രസ്തുത സർവേയുടെ ഫലം ഉപയോഗിച്ച് കണക്കാക്കി വരുകയും ചെയ്യുന്നു. ഓഫ്ടേക് സർവേ നടത്തുന്നതിനുവേണ്ടി സൃഷ്ടിക്കപ്പെട്ട പ്രൈസ് സൂപ്പർവൈസറി തസ്തികകൾ റിപ്പോർട്ടു വർഷാരംഭത്തിന് തൊട്ടുമുമ്പ് നിർത്തൽചെയ്യുകയുണ്ടായി. എന്നാൽ വിലനിലവാര കണക്കുകൾ ശേഖരിക്കൽ ശക്തിപ്പെടുത്തുന്ന പദ്ധതിയുടെ ഭാഗമായി പുതുതായി സൃഷ്ടിക്കപ്പെട്ട 12 പ്രൈസ്

സൂപ്പർവൈസറി തസ്തികകളിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻമാരാൽ തുടർന്നും ഓഫ്ടേക് സർവേ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കപ്പെടുകയും ആ വിവരങ്ങൾ ഉപഭോക്തൃ വിലസൂചിക കണക്കാക്കാൻ തുടർന്നും ഉപയോഗിക്കുകയും ചെയ്തുവരുന്നു.

താഴെ പറയുന്ന 15 തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളുടെ ഉപഭോക്തൃ വിലസൂചിക തയ്യാറാക്കി പതിവുപോലെ ഗസററിൽ വിജ്ഞാപനം ചെയ്തുവരുന്നു.

1. തിരുവനന്തപുരം
2. കൊല്ലം
3. പുനലൂർ
4. ആലപ്പുഴ
5. കോട്ടയം
6. മുണ്ടക്കയം
7. മൂന്നാർ
8. എറണാകുളം
9. ചാലക്കുടി
10. തൃശ്ശൂർ
11. പാലക്കാട്
12. കോഴിക്കോട്
13. മലപ്പുറം
14. മേപ്പാടി
15. കണ്ണൂർ

ഉപഭോക്തൃ വിലസൂചിക കാണിക്കുന്ന സ്റേറ്റുമെൻറുകൾ അവ ഉപയോഗിക്കുന്ന പ്രധാനപ്പെട്ട സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്വകാര്യ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നേരിട്ടയച്ചുകൊടുത്തു വരുന്നു.

ഇതിനു പുറമെ 85 അവശ്യസാധനങ്ങളുടെ പ്രതിവാര ചില്ലറ വിൽപ്പന വില എല്ലാ ജില്ലാ തലസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ചിരുന്നു. ലേബർ ബ്യൂറോ സീരീസിൻെറ ഉപഭോക്തൃ വിലസൂചിക(കേന്ദ്രസീരീസ്)തയ്യാറാക്കുവാൻവേണ്ടി 5 സെൻററുകളിൽ നിന്നും ചില്ലറവിൽപനവില ഡിസംബർ 1980 വരെ ശേഖരിച്ചു വന്നിരുന്നു. 1971 അടിസ്ഥാനവർഷമായി കൊല്ലം, ആലുവ, മുണ്ടക്കയം എന്നിവിടങ്ങളിൽനിന്ന് വില ശേഖരിച്ചിരുന്നത് 1980 ഡിസംബറിൽ നിർത്തുകയും 1981അടിസ്ഥാനവർഷമായി കുടുംബബഡ്ജററ്സർവേ (ലേബർ ബ്യൂറോ) തിരുവനന്തപുരം, കൊല്ലം, മുണ്ടക്കയം, ആലുവഎന്നീ സെൻററുകളിൽ നടത്തുകയും ചെയ്തു. ആലപ്പുഴ,ആലുവ, മുണ്ടക്കയം എന്നിവിടങ്ങളിൽ നിന്ന് 1960 അടിസ്ഥാനവർഷമായുള്ള വിലസൂചിക കണക്കാക്കുന്നതിനുള്ള വിലകൾ ശേഖരിച്ചുവരുന്നു.

1960 അടിസ്ഥാനവർഷമാക്കി സിംലയിലെ കേന്ദ്രതൊഴിൽ മന്ത്രാലയത്തിനു കീഴിലുള്ള ലേബർ ബ്യൂറോ, വ്യവസായിക തൊഴിലാളികൾക്ക്വേണ്ടി പ്രസിദ്ധം ചെയ്യുന്ന ഉപഭോക്തൃ വിലസൂചികയും 1960–61 അടിസ്ഥാനവർഷമാക്കിയുള്ള കാർഷികത്തൊഴിലാളികൾക്കുള്ള ഉപഭോക്തൃ വിലസൂചികയും ആവശ്യപ്പെടുന്ന മുറയ്ക്ക് സർക്കാർ, അർദ്ധസർക്കാർ, പൊതു സ്വകാര്യമേഖല സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർക്ക് അയച്ചുകൊടുത്തുവരുന്നു.

1981 അടിസ്ഥാനവർഷമായി ഉപഭോകൃത വില സൂചിക തയ്യാറാക്കുന്നതിൻെറ മുന്നോടിയായി സംസ്ഥാനത്ത് തിരഞ്ഞെടുക്കപ്പെട്ട 20 കേന്ദ്രങ്ങളിൽ കുടുംബ ബഡ്ജറ്റ് സർവെ നടത്തുകയുണ്ടായി. അടിസ്ഥാന വിവരങ്ങളുടെ ശേഖരണം പൂർത്തിയായി. റിപ്പോർട്ട് തയ്യാറാക്കൽ അവസാന ഘട്ടത്തിൽ എത്തിയിട്ടുണ്ട്. ആരോഗ്യവകുപ്പിൻെറയും നാട്ടുചികിൽസാ വകുപ്പിൻെറയും, ഹോമിയോ, ജയിൽ, ആശുപത്രി, സാമൂഹ്യ

ക്ഷേമം, മൃഗശാല തുടങ്ങിയ വകുപ്പുകളുടെയും ഉപയോഗത്തിനായി ഭക്ഷ്യ വസ്തുക്കളുടെയും മററ് അത്യാവശ്യ സാധനങ്ങളുടെയും മറ്റ് പദാർത്ഥങ്ങളുടെയും ചില്ലറ കമ്പോളവില ഈ വർഷവും നാല് ത്രൈമാസങ്ങളിൽ ശേഖരിച്ച് സർക്കാർ ആസ്പത്രികളിലും മറ്റും സാധനങ്ങൾ എത്തിച്ചു കൊടുക്കുന്നതിനുള്ള ദർഘാസുകൾ സംബന്ധിച്ച് കരാറുകൾക്ക് അന്തിമ രൂപം കൊടുക്കാൻ മേൽകാണിച്ചിട്ടുള്ള വകുപ്പുകൾ ഉപയോഗിച്ചുവരുന്നു. ഈ വില ശേഖരണം ഓരോ ത്രൈമാസികത്തിൻെറയും ആദ്യത്തെ വെള്ളിയാഴ്ച നടത്തപ്പെടുന്നു. ഇപ്രകാരം ശേഖരിക്കപ്പെടുന്ന അടിസ്ഥാന വില വിവരങ്ങൾ സൂക്ഷ്മ പരിശോധനയ്ക്കുശേഷം അംഗീകരിക്കപ്പെടുന്നു. അംഗീകരിക്കപ്പെടുന്ന വിലകൾ ജില്ലാ മെഡിക്കൽ ആഫീസർ, ജില്ലാ ഇൻറിജീനിയസ് മെഡിക്കലാഫീസർ, ആരോഗ്യവകുപ്പ് ഡയറക്ടർ, നാട്ടുചികിൽസാ വകുപ്പു ഡയറക്ടർ, മെഡിക്കൽ കോളേജുകൾ, ക്ഷയരോഗാശുപത്രികൾ, ഇ. എസ്. ഐ. ആശുപത്രികൾ, മൃഗസംരക്ഷണ വകുപ്പിൻെറ കീഴിലുള്ള കന്നുകാലി, കോഴിവളർത്തൽ കേന്ദ്രങ്ങൾ, കാഴ്ച ബംഗ്ലാവ് ഡയറക്ടർ, ജയിൽ ഇൻസ്പെക്ടർ ജനറൽ, കേരളത്തിലെയും തമിഴ്നാട്ടിലെയും പട്ടാളമേധാവികൾ തുടങ്ങിയവർക്ക് അയച്ചുകൊടുത്തിരുന്നു. ഡയറ്ററി സാധനങ്ങളുടെ വില ആവശ്യപ്പെടുന്ന എല്ലാ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും അവയുടെ ആവശ്യാനുസരണം വിവരങ്ങൾ നൽകപ്പെട്ടുവരുന്നു.

<u>വനവിഭവങ്ങളുടെ വില ശേഖരിക്കൽ.</u>—18 ഇതര വനവിഭവങ്ങളുടെ വില കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽ നിന്നും മാസന്തോറും ശേഖരിച്ച് ഫോറസ്ററ് ഡിപ്പാർട്ട്മെൻറിലേക്ക് നൽകിവരുന്നത്. റിപ്പോർട്ടുവർഷത്തിലും തുടർന്നു.

<u>മാർക്കററ് ഇൻറിലിജൻസ് മെച്ചപ്പെടുത്താനുള്ള പദ്ധതി കമ്പോള നിലവാരം.</u>—കമ്പോളത്തിൽ സാധനങ്ങൾ എത്തിച്ചേരൽ തുടങ്ങിയവയെപ്പറ്റിയുള്ള വിവരങ്ങൾ പ്രാഥമികോല്പാദകർക്ക് കൃത്യസമയത്ത് നൽകുകയെന്നതാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശം. സംസ്ഥാനത്തെ പ്രധാനപ്പെട്ട 17 വ്യാപാര കേന്ദ്രങ്ങളിൽ ഈ പദ്ധതി നിലവിലുണ്ട്.

ഈ പദ്ധതി അനുസരിച്ച് റിപ്പോർട്ടു ചെയ്യുന്ന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് അതാത് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാരും ഡിസ്ട്രിക്റ്റ് ആഫീസർമാരും, കോഴിക്കോട്ടും തിരുവനന്തപുരത്തുമുള്ള രണ്ട് റീജിയണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർമാരും മേൽനോട്ടം വഹിച്ചുവരുന്നു.

ഇടുക്കി, പത്തനംതിട്ട ഇവ ഒഴിച്ചുള്ള എല്ലാ ജില്ലാ തലസ്ഥാനങ്ങളിലേയും വിലശേഖരണ പ്രവർത്തനം അതിനുവേണ്ടി മാത്രം നിയമിച്ചിട്ടുള്ള പ്രൈസ് ഇൻസ്പെക്ടർമാർ നിർവഹിച്ചുവരുന്നു. കൂടാതെ ചങ്ങനാശ്ശേരി, കോഴിക്കോട്, കൊച്ചി എന്നീ മൂന്നുകേന്ദ്രങ്ങളിൽ മൂന്ന് പ്രൈസ് ഇൻസ്പെക്ടർമാർ ജോലി ചെയ്തുവരുന്നു. കടയ്ക്കൽ, ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ കുന്നംകുളം, ബല്യപട്ടണം എന്നിവിടങ്ങളിൽ 5 പാർട്ടൈം പ്രൈസ് റിപ്പോർട്ടർമാരാണ് വില ശേഖരിച്ചുവരുന്നത്. ബാക്കി കേന്ദ്രങ്ങളിലെ വില ശേഖരണജോലി ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർമാരോ ഇൻവെസ്ററിഗേറ്റർമാരോ നിർവഹിച്ചുവരുന്നു.

തിരുവനന്തപുരം മേഖലയിൽ 27-ം കോഴിക്കോട് മേഖലയിൽ 10-ം മറ്റു കേന്ദ്രങ്ങളിലെ കമ്പോള വില ഉൾപ്പെടുന്ന വിലനിരവാര ബുള്ളറ്റിൻ തയ്യാറാക്കി ദിവസേന ആകാശവാണിയുടെ തിരുവനന്തപുരം, കോഴിക്കോട് നിലയങ്ങളിൽ ഗ്രാമരംഗത്തിലോ, കാർഷിരംഗത്തിലോ, പ്രക്ഷേപണം ചെയ്തുവരുന്നു.

പ്രതിവാര കമ്പോളനിലവാരാവലോകനം.—തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലെ പ്രധാനപ്പെട്ട കാർഷിക വിഭവങ്ങളുടെ കമ്പോളനിലവാരവലോകനം എല്ലാ ഞായറാഴ്ചയും വൈകുന്നേരം ആകാശവാണിയിലൂടെ മലയാളത്തിൽ പ്രക്ഷേപണം ചെയ്തുവരുന്നു.

അരിയുടെ തുറന്ന കമ്പോളവിലയെക്കുറിച്ചുള്ള പ്രതിദിന റിപ്പോർട്ട്.—എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും നിലവിലുള്ള അരിയുടെ തുറന്ന കമ്പോളവിലയെ കുറിക്കുന്ന പ്രതിദിന റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രസർക്കാരിനും സംസ്ഥാന റവന്യൂ ബോർഡിലെ സിവിൽസപ്ലൈസ് അധികൃതർക്കും അയച്ചുകൊടുത്തു കൊണ്ടിരിക്കുന്നു. ഇതുകൂടാതെ പാലക്കാട് കേന്ദ്രത്തിലെ അരിയുടെ തുറന്ന കമ്പോളവിലയെക്കുറിച്ചുള്ള പ്രതിവാര റിപ്പോർട്ട് തയ്യാറാക്കി റിസർവ് ബാങ്കിന് അയച്ചുകൊടുത്തു വരുന്നു. ഇവയ്ക്കെല്ലാം ഉപരിയായി ഈ പദ്ധതി അനുസരിച്ച് മൊത്ത വിലയെ സംബന്ധിക്കുന്ന പല വിവരങ്ങളും കേന്ദ്രസംസ്ഥാന സ്ഥാപനങ്ങൾക്ക് അവയുടെ ആവശ്യാനുസരണം ലഭ്യമാക്കിവരുന്നു. പ്രതിശീർഷ വരുമാനം ശരിയായി കണ്ടുപിടിക്കുന്നതിലേക്കായി എല്ലാ ജില്ലകളിലും ഓരോ റിസർച്ച് ഓഫീസർമാരുടെയും സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.

ഇൻഡക്സ് സീരീസ് വിഭാഗം (കാർഷിക ധനസമ്പന്ധം).—ഈ വിഭാഗം താഴെ പറയുന്ന സൂചികകൾ തയ്യാറാക്കിവരുന്നു.

(1) കാർഷികോൽപ്പന്നങ്ങളുടെ മൊത്തവിലസൂചിക.

(2) കാർഷിക വിഭവങ്ങളിൽനിന്നുള്ള വരുമാനവും അവയ്ക്കു വേണ്ടിവരുന്ന ചെലവും തമ്മിലുള്ള താരതമ്യപഠന സൂചിക.

(3) കാർഷികവേതന സൂചിക.

(4) പ്രധാന കാർഷിക ഉല്പന്നങ്ങളെ സംബന്ധിച്ച ഏഴു സൂചികകൾ

1. കാർഷികോൽപ്പന്നങ്ങളുടെ മൊത്തവില സൂചിക.—പ്രധാനപ്പെട്ട കാർഷികോല്പന്നങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കേന്ദ്രങ്ങളിൽനിന്ന് ശേഖരിക്കുന്ന മൊത്തവിലയെ അടിസ്ഥാനമാക്കി ഈ സൂചിക തയ്യാറാക്കിവരുന്നു. ഇതിനുവേണ്ടി 1952–53 അടിസ്ഥാനവർഷമായി സ്വീകരിച്ച് മാസന്തോറും ഈ മൊത്ത വില സൂചിക തയ്യാറാക്കിവരുന്നു.

2. കാർഷിക വിഭവങ്ങളിൽനിന്നുള്ള വരുമാനവും അവയ്ക്കുവേണ്ടി വരുന്ന ചെലവുകളും തമ്മിലുള്ള താരതമ്യപഠന സൂചിക.—അടിസ്ഥാന വർഷമായി സ്വീകരിച്ചിട്ടുള്ള 1952–53 കാലഘട്ടത്തിലെ കർഷകരുടെ സാമ്പത്തികനില, കാർഷികോല്പന്നങ്ങളുടെ വില അവയ്ക്കുവേണ്ടി വരുന്ന ചെലവുകൾ, ഗാർഹിക ചെലവുകളിൽ വന്നിട്ടുള്ള മാറ്റങ്ങൾ എല്ലാം കണക്കാക്കി അവയും കർഷകരുടെ ഇപ്പോഴത്തെ സാമ്പത്തിക നിലയും

തമ്മിലുള്ള താരതമ്യം ഈ സൂചിക കാണിക്കുന്നു, റിപ്പോർട്ടുവർഷത്തിലെ എല്ലാ മാസങ്ങളിലും ഈ സൂചിക തയ്യാറാക്കി വരുന്നു.

3. കാർഷികവേതന സൂചിക.—സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വിവിധ കേന്ദ്രങ്ങളിൽനിന്നും ശേഖരിക്കപ്പെട്ടിട്ടുള്ള കാർഷിക വേതനത്തിന്റെ കണക്ക് ഇന്ത്യാഗവൺമെന്റിന്റെ എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് അഡ്വൈസർക്ക് അയച്ചുകൊടുക്കുകയും അതോടൊപ്പംതന്നെ കേരളാ ഗസററിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തുവരുന്നു. കർഷകത്തൊഴിലാളികളുടെയും വൈദഗ്ധ്യം സിദ്ധിച്ചിട്ടുള്ള തൊഴിലാളികളുടെയും പ്രതിമാസവേതന സൂചിക കൃത്യമായി തയ്യാറാക്കി ഇന്ത്യാ ഗവൺമെന്റിന് അയച്ചുകൊടുക്കുകയും ചെയ്യുന്നു.

4. പ്രധാന ഉൽപ്പന്നങ്ങളെ സംബന്ധിച്ച ഏഴു സൂചികകൾ.—പ്രധാന കാർഷിക ഉൽപ്പന്നങ്ങളെ സംബന്ധിച്ച സൂചികകൾ (ഏരിയ അണ്ടർ പ്രൊഡക്ഷൻ, ഈൽഡ്, ക്രോപ്പിംഗ് പാറ്റേൺ, ക്രോപ്പിംഗ് ഇൻറൻസിറ്റി, ക്രോപ്പ്സ് നെറ്റ് ഏരിയാസോൺ പ്രൊഡക്റ്റിവിറ്റി പെർ ഹെക്റ്റർ ഓഫ് നെറ്റ് ഏരിയ സോൺ) 1977–78 മുതൽ 1979–80 വരെയുള്ളത് തയ്യാറാക്കി കേന്ദ്രഗവൺമെന്റിന്റെ എക്കണോമിക്സ് അഡ്വൈസറുടെ ആഫീസിലേക്ക് അയച്ചുകൊടുക്കുകയുണ്ടായി.

ഇവയ്ക്കെല്ലാം പുറമെ താഴെ പറയുന്ന ജോലികൾകൂടി ഈ വിഭാഗം നിർവഹിക്കുന്നുണ്ട്.

1. തൊണ്ടോടുകൂടിയ നാളികേരത്തിന്റെ ദൈ്വവാരിക വില ശേഖരിച്ച് എറണാകുളത്തുള്ള ഇന്ത്യൻ സെൻട്രൽ കോക്കനട്ട് കമ്മിററിയുടെ സെക്രട്ടറിക്കും നീലേശ്വരത്തുള്ള ഡെപ്യൂട്ടി ഡയറക്ടർക്കും (അഗ്രികൾച്ചർ) അയച്ചുവരുന്നു.

2. 9 കാർഷിക വിഭവങ്ങളുടെ വാർഷിക ശരാശരിവില തിട്ടപ്പെടുത്തി ന്യൂഡൽഹിയിലുള്ള എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്കൽ അഡ്വൈസർക്ക് അയച്ചുകൊണ്ടിരിക്കുന്നു.

3. കയറിന്റെ പ്രതിവാര വില തയ്യാറാക്കി എറണാകുളത്തുള്ള കയർബോർഡ് സെക്രട്ടറിയെ അറിയിച്ചുവരുന്നു.

4. കയറിന്റെതന്നെ പ്രതിമാസവിലവിവരം കേരളാ ഗസററിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി ഗവൺമെൻറ് പ്രസ്സിലേക്കും നൽകിവരുന്നു.

5. കാർഷിക വിഭവങ്ങളുടെ വിലവിവരങ്ങൾ ആവശ്യാനുസരണം പൊതുജനങ്ങൾക്ക് നൽകിവരുന്നു.

6. കേന്ദ്രസർക്കാരിന്റെ കേന്ദ്രവ്യവസായ മന്ത്രാലയത്തിലെ എക്കണോമിക്ക് അഡ്വൈസർ പ്രസിദ്ധം ചെയ്തുവരുന്ന 1970–71 അടിസ്ഥാന വർഷമായിട്ടുള്ള മൊത്തം വിലസൂചിക (എല്ലാ സാധനങ്ങളുടെയും) ആവശ്യപ്പെടുന്നതനുസരിച്ച് സർക്കാർ, അർദ്ധസർക്കാർ പൊതു–സ്വകാര്യ മേഖല സ്ഥാപനങ്ങൾ വ്യക്തികൾ, കരാറുകാർ എന്നിവർക്കും നൽകിവരുന്നു.

കാർഷിക വിഭവങ്ങളുടെ ചില്ലറവില.—സംസ്ഥാനത്തെ എല്ലാ താലൂക്കുകളിൽനിന്നും പ്രധാനപ്പെട്ട 27 കാർഷിക വിഭവങ്ങളുടെ പ്രതിമാസ ചില്ലറ വില ശേഖരിച്ച് ഏകീകരിച്ച് കേരളാ ഗസററിൽ 1975 നവംബർ മുതൽ പ്രസിദ്ധപ്പെടുത്താറുണ്ടായിരുന്നത് ഈ വർഷവും തുടർന്നു നടത്തിവരുന്നു.

# വരുമാന നിർണ്ണയ വിഭാഗം

സംസ്ഥാനവരുമാന നിർണ്ണയ വിഭാഗം റിപ്പോർട്ടു വർഷവും പ്രവർത്തനം തുടർന്നിരുന്നു. [illegible] പ്രസ്തുത വിഭാഗം കേന്ദ്രസംസ്ഥാന [illegible]ം തിട്ടപ്പെടുത്തുന്നതിന് ആവശ്യ ത്തിന്റെ വാർഷിക വരുമാനക്കണക്കു[illegible] ശേഖരിക്കുകയും അവ രൂപ മായ വിവരങ്ങൾ വിവിധമേഖലകളിൽനിന്ന് [illegible] പ്പെടുത്തുകയും ചെയ്തു. ഇതിനുപുറമെ റീജിയ[illegible]ണൽ അക്കൗണ്ടൻസിന് ആവശ്യമായ വിവിധങ്ങളായ പട്ടികകൾ തയ്യാറാക്കുക; [illegible]ലധന സമാഹരണ ത്തിന് (ക്യാപ്പിററൽ ഫോർമേഷൻ) ആവശ്യമായ കണക്കുകൾ [illegible]ിർണ്ണയി ക്കുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും സംസ്ഥാന ത്തിന്റെയും ബഡ്ജററ് വിശകലനം ചെയ്യുക എന്നിവയും പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തിയിരുന്നു.

റിപ്പോർട്ടുവർഷത്തിൽ 1980–81-ലെ ജില്ല തിരിച്ചുള്ള വരുമാനം നിർണ്ണയിച്ച ടി വർഷത്തെ സംസ്ഥാന വരുമാന നിർണ്ണയം നടത്തി. 1979–80 വർഷത്തിലെ സംസ്ഥാന വരുമാന നിർണ്ണയം കേന്ദ്രസ്ഥിതിവിവരസംഘടന (സി.എസ്.ഓ.) യുമായി ചർച്ചചെയ്ത് പുനർനിർണ്ണയം ചെയ്തു. അതിനും പുറമെ 1970–71 മുതൽ 1981–82 വരെയുള്ള വരുമാന കണക്കുകൾ കൂടുതലായി ലഭിച്ച കണക്കുകളുടെ അടിസ്ഥാനത്തിൽ പുനർനിർണ്ണയം നടത്തി.

1970–71 മുതൽ 1981–82 വരെയുള്ള കേരള സംസ്ഥാന വാർഷിക വരുമാനകണക്കുകൾ ചുവടെ ചേർക്കുംപ്രകാരം പുനർനിർണ്ണയം ചെയ്തു.

| തനതു വർഷ വിലകളിൽ | മൊത്ത വരുമാനം (ലക്ഷം രൂപയിൽ) | ആളോഹരി വരുമാനം (രൂപ) | 1970–71-ലെ വിലകളിൽ മൊത്തം വരുമാനം (ലക്ഷം രൂപയിൽ) | 1970–71-ലെ വിലകളിൽ ആളോഹരി വരുമാനം (രൂപ) |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1970–71 | 125464 | 593·88 | 125464 | 593·88 |
| 1971–72 | 127606 | 591·56 | 132278 | 613·22 |
| 1972–73 | 145722 | 661·62 | 135509 | 615·21 |
| 1973–74 | 182300 | 811·20 | 134897 | 600·26 |
| 1974–75 | 208552 | 910·15 | 136311 | 594·88 |
| 1975–76 | 222823 | 954·48 | 142323 | 609·65 |
| 1976–77 | 239838 | 1009·29 | 140605 | 591·70 |
| 1977–78 | 252049 | 1042·95 | 142554 | 589·87 |
| 1978–79 | 275349 | 1121·40 | 145645 | 593·16 |
| 1979–80 | 315556 | 1270·92 | 152031 | 612·31 |
| 1980–81 | 348254 | 1378·79 | 156220 | 618·50 |
| 1981–82 | 371770 | 1447·36 | 163404 | 636·16 |

സംസ്ഥാന വരുമാന സ്കീമിൽ അനുവദിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ മാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉദ്യോഗപ്പേര് | തസ്തികകൾ | | അനുവദിച്ചതിൽ കുറവുള്ളതിനുള്ള കാരണം |
|---|---|---|---|---|
| | | അനുവദിച്ചിട്ടുള്ളവ | നിലവിലുള്ളവ | |
| 1 | 2 | 3 | 4 | 5 |
| 1 | അഡീഷണൽ ഡയറക്ടർ .. | 1 | 1 | പ്ലാൻ സ്കീം |
| 2 | റിസർച്ച് ഓഫീസേഴ്സ് .. | 3 | 2 | നോൺ പ്ലാൻ |
| 3 | റിസർച്ച് ഓഫീസേഴ്സ് .. | 2 | 2 | പ്ലാൻ |
| 4 | റിസർച്ച് അസിസ്റ്റൻറ് .. | 5 | 5 | വർക്കിംഗ് അറേഞ്ച് മെൻറ് 1 നോൺ പ്ലാൻ |
| 5 | റിസർച്ച് അസിസ്റ്റൻറ് .. | 3 | 3 | 3 (വർക്കിംഗ് ഇൻ എൻ. എസ്. എസ്.) പ്ലാൻ |
| 6 | യു.ഡി. കമ്പയിലർ .. | 1 | 1 | നോൺ പ്ലാൻ |
| 7 | എൽ.ഡി. കമ്പയിലർ .. | 2 | 2 | നോൺ പ്ലാൻ |
| 8 | ടി. .. | 2 | .. | 2 ഒഴിവ്, നോൺ പ്ലാൻ |
| 9 | ഡ്രാഫ്റ്റ്സ്മാൻ .. | 1 | .. | 1 നോൺ പ്ലാൻ വർക്കിംഗ് അറേഞ്ച് മെൻറ് |
| 10 | പ്യൂൺ .. | 1 | 1 | നോൺ പ്ലാൻ |

ജനറൽ.—1979–80 മുതൽ 1981–82 വരെയുള്ള സംസ്ഥാന വാർഷിക വരുമാന കണക്കുകൾ നിർണ്ണയിച്ചതോടൊപ്പം വിവിധ സംസ്ഥാനങ്ങളിലെ വരുമാനക്കണക്കുകളുമായി ഒരു താരതമ്യപഠനം നടത്തിയ റിപ്പോർട്ടും ഉൾപ്പെടുത്തി ഒരു ലഘുലേഖ (ബ്രോഷർ) പ്രസിദ്ധപ്പെടുത്തി. പ്രസ്തുത പഠനത്തിൽ നിന്നും 1981–82 ലേയ്ക്കുള്ള തനതു വർഷ വിലയിൽ (കറൻറ് പ്രൈസ്) 1980–81-ലെ വരുമാനത്തേക്കാൾ 6.7 ശതമാനം വർദ്ധനവ് ഉണ്ടായതായി കണ്ടു. അതുപോലെതന്നെ 1970–71-ലെ വിലകളുടെ അടിസ്ഥാനത്തിൽ 1980–81 വരുമാനത്തേക്കാൾ 4.5 ശതമാനം വർദ്ധിച്ചതായും കണ്ടു. ആളോഹരി വിഹിതത്തിലും യഥാക്രമം 5 ശതമാനം, 2.9 ശതമാനം വർദ്ധനവ് അനുഭവപ്പെട്ടു.

## അദ്ധ്യായം 5

## ജനനമരണ സ്ഥിതിവിവരം

ഈ ഡയറക്ടറേറ്റിലെ ജനനമരണസ്ഥിതിവിവരക്കണക്കുവിഭാഗം സംസ്ഥാനമൊട്ടാകെയുള്ള ജനനമരണ സ്ഥിതിവിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന പതിവ് റിപ്പോർട്ട് വർഷവും തുടരുന്നു.

സിവിൽ രജിസ്ട്രേഷൻ, മോഡൽ രജിസ്ട്രേഷൻ പട്ടണപ്രദേശത്തെ സ്ഥിരതാമസക്കാരുടെ ജനനമരണ നിരക്കിൻമേലുള്ള പഠനം, മരണകാരണങ്ങൾ വ്യക്തമാക്കുന്നതിന് മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കററിൻമേലുള്ള പഠനം ഈ പദ്ധതികളാണ് നടപ്പുവർഷത്തിലും മുൻവർഷത്തെപ്പോലെ തുടർന്നുകൊണ്ടുപോരുന്നത്.

ജനനമരണനിരക്കും മരണകാരണങ്ങളും കൂടി അറിയുന്നതിനുവേണ്ടിയാണ് ഈ പദ്ധതികൾ നടത്തുന്നത്.

റിപ്പോർട്ടുവർഷം ഒരു അസിസ്ററൻറ് ഡയറക്ടറും ഒരു റിസർച്ച് ഓഫീസറും മൂന്ന് റിസർച്ച് അസിസ്ററൻറുമാരും ഏഴ് കമ്പയിലർമാരും വൈററൽ സ്ററാററിസ്ററിക്സ് വിഭാഗത്തിലെ ഡെപ്യൂട്ടി ഡയറക്ടറുടെ കീഴിൽ ഗവേഷണപഠനത്തിനായി ജോലി ചെയ്തുവരുന്നു.

പട്ടണപ്രദേശത്തെ സ്ഥിരതാമസക്കാരുടെ ജനനമരണക്കണക്ക് എടുക്കുന്നതിനുവേണ്ടി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കോർപ്പറേഷനുകളിലും 30 മുനിസിപ്പാലിററികളിലും ഗുരുവായൂർ ടൗൺഷിപ്പിലും ഈ ഡിപ്പാർട്ടുമെൻറിൽനിന്ന് ഉദ്യോഗസ്ഥൻമാരെ (യു. ഡി. കമ്പയിലേഴ്സ്) നിയമിച്ചിട്ടുണ്ട്. ഈ ആവശ്യത്തിനായി അങ്ങനെ ആകെ 34 യു. ഡി. കമ്പയിലേഴ്സ് മേൽപ്പടി സ്ഥാപനങ്ങളിൽ നിയമിച്ചിട്ടുണ്ട്.

മരണകാരണങ്ങൾ വ്യക്തമാക്കുന്ന മെഡിക്കലോഫീസറുടെ സർട്ടിഫിക്കററിൻമേലുള്ള പഠനത്തിനായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കോർപ്പറേഷനുകളിലും കൊല്ലം, ആലപ്പുഴ എന്നീ മുനിസിപ്പാലിററികളിലും ഡെപ്യൂട്ടി ഹെൽത്താഫീസറേയും, റിസർച്ച് അസിസ്ററൻറുമാരേയും നിയമിച്ചിട്ടുണ്ട്. ഈ ആവശ്യത്തിനായി 5 ഡെപ്യൂട്ടി ഹെൽത്താഫീസർമാരേയും, 5 റിസർച്ച് അസിസ്ററൻറുമാരേയും 5 എൽ. ഡി. കമ്പയിലർമാരേയും നിയമിച്ചിട്ടുണ്ട്.

<u>സിവിൽ രജിസ്ട്രേഷൻ</u>.—1969-ലെ ജനനമരണ രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് പഞ്ചായത്ത്, മുനിസിപ്പാലിററി, കോർപ്പറേഷൻ ആഫീസുകളിൽ നിയമിച്ചിട്ടുള്ള രജിസ്ട്രാർമാരാണ് ജനനമരണങ്ങൾ രജിസ്ററർ ചെയ്യുന്നത്. ഓരോ മാസവും ജനനമരണങ്ങൾ ഉൾക്കൊള്ളുന്ന ഒരു പ്രതിമാസ റിപ്പോർട്ട് രജിസ്ട്രാർ ജനറലിനയക്കുന്നുണ്ട്. താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽനിന്ന് 1977, 1978, 1979 എന്നീ വർഷങ്ങളിലെ രജിസ്ററർ ചെയ്യപ്പെട്ട ജനനമരണങ്ങളുടെ അടിസ്ഥാനത്തിൽ ലഭിച്ച ജനനമരണ നിരക്കുകൾ മനസ്സിലാക്കാം.

| | 1977 | | 1978 | | 1979 | |
|---|---|---|---|---|---|---|
| | ജനന നിരക്ക് | മരണ നിരക്ക് | ജനന നിരക്ക് | മരണ നിരക്ക് | ജനന നിരക്ക് | മരണ നിരക്ക് |
| സംസ്ഥാനം | 19·93 | 4·79 | 21·04 | 4·83 | 21·88 | 4·89 |
| പട്ടണപ്രദേശം | 48·32 | 9·49 | 54·69 | 10·06 | 58·26 | 10·14 |
| ഗ്രാമപ്രദേശം | 16·02 | 4·16 | 16·15 | 4·07 | 16·27 | 4·08 |

1980–ലെ ജോലി നടന്നുകൊണ്ടിരിക്കുന്നു.

മോഡൽ രജിസ്ട്രേഷൻ.—മരണകാരണം സംബന്ധിച്ച സർവേ.—കേന്ദ്രഗവൺമെൻറിൻെറ സഹായത്തോടുകൂടി ചെയ്യുന്ന പദ്ധതിയാണിത്.

ഗ്രാമപ്രദേശങ്ങളിൽ ഉണ്ടാകുന്ന മരണങ്ങളും, മരണകാരണങ്ങളും ശേഖരിക്കുന്നതിനു വേണ്ടിയുള്ളതാണ് ഈ പദ്ധതി. സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി തിരഞ്ഞെടുക്കപ്പെട്ട നാൽപ്പത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത കേന്ദ്രങ്ങളിലെ പാരാമെഡിക്കൽ ഉദ്യോഗസ്ഥൻമാർ പ്രാഥമിക വിവരങ്ങൾ ശേഖരിച്ച് മെഡിക്കലാഫീസറുടെ പരിശോധനക്കുശേഷം മാസാന്ത്യ റിപ്പോർട്ടും അർദ്ധവാർഷിക റിപ്പോർട്ടും അയച്ചുതരുന്നു.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ സന്ദർശിച്ച് സർവേ റിപ്പോർട്ടുകൾ പരിശോധിക്കുന്നതിനും അവർക്കുവേണ്ട നിർദ്ദേശങ്ങൾ കൊടുക്കുന്നതിനും കേന്ദ്രഗവൺമെൻറിൽ നിന്ന് നിയമിച്ചിട്ടുള്ള സൂപ്പർവൈസർ തസ്തിക ഇപ്പോഴും തുടരുന്നു. ഈ കേന്ദ്രങ്ങളിലെ മെഡിക്കലാഫീസർ സർവേ നടത്താൻ ചുമതലപ്പെട്ട മറ്റു പാരാമെഡിക്കൽ സ്റ്റാഫ് എന്നിവർക്കുവേണ്ട ട്രെയിനിംഗ് സൂപ്പർവൈസറും ഈ ഓഫീസിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരും കൂടി നൽകിയിട്ടുണ്ട്.

പട്ടണപ്രദേശങ്ങളിലെ സ്ഥിരതാമസക്കാരുടെ ജനനമരണങ്ങൾ അറിയുന്നതിനുവേണ്ടി നടത്തുന്ന പദ്ധതിയാണ് സ്പോർട്ട്ചെക്ക് വർക്ക്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിലും 30 മുനിസിപ്പാലിററികളിലും ഗുരുവായൂർ ടൗൺഷിപ്പിലും തിരഞ്ഞെടുക്കപ്പെട്ട വാർഡുകളിലെ വീടുകൾ സന്ദർശിച്ച് രജിസ്ററർ ചെയ്തതും ചെയ്യാത്തതുമായ ജനനമരണങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് അവയുടെ അടിസ്ഥാനത്തിൽ യഥാർത്ഥ ജനനമരണ നിരക്കുകൾ കണക്കാക്കുകയും ചെയ്യുന്നു. 1978 വരെയുള്ള റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. 1979–ലെ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിന് തയ്യാറാക്കിയിരിക്കുന്നു.

മരണകാരണങ്ങൾ വ്യക്തമാക്കുന്ന മെഡിക്കലാഫീസറുടെ സർട്ടിഫിക്കററിൻമേലുള്ള പഠനം.—തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കോർപ്പറേഷനുകളിലും കൊല്ലം, ആലപ്പുഴ മുനിസിപ്പാലിററികളിലും മുൻവർഷങ്ങളിലെപ്പോലെതന്നെ നടപ്പുവർഷത്തിലും പദ്ധതി തുടർന്നു. ആലപ്പുഴ തിരുവനന്തപുരം നഗരങ്ങളിൽ റിപ്പോർട്ട് വർഷത്തിൽ ഡെപ്യൂട്ടി ഹെൽത്താഫീസർമാർ ഉണ്ടായിരുന്നില്ല.

സാമ്പിൾ രജിസ്ട്രേഷൻ പദ്ധതി—ഗ്രാമപ്രദേശങ്ങളിൽ ഉദ്ദേശ്യം.—സിവിൽ രജിസ്ട്രേഷനിൽ തുടർച്ചയായി വന്നിട്ടുള്ള അപാകതകൾ നിമിത്തം, കൃത്യവും വിശ്വസനീയവുമായ പ്രതിവർഷ ജനസംഖ്യ വർദ്ധനവ് കണക്കുകൾ ലഭ്യമല്ലാതെ വന്ന സാഹചര്യത്തിൽ, ഭാരത രജിസ്ട്രാർ

ജനറലിൻെറ പൊതുനിർദ്ദേശ മാനുവൽ അനുസരിച്ച്, ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്ന ഒരു പദ്ധതിയാണ് സാമ്പിൾ റജിസ്ട്രേഷൻ പദ്ധതി ഭാരതത്തിലെ ഓരോ സംസ്ഥാനത്തിലേയും ഭാരതം ഒട്ടാകെയും ഉള്ള ജനന മരണ കണക്കുകൾ ഗ്രാമനഗരപ്രദേശങ്ങൾക്ക് പ്രത്യേകം പ്രത്യേകം നിർണ്ണയിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി. കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ ഈ പദ്ധതി നടപ്പാക്കുന്നതിൻെറ ചുമതല ഈ വകുപ്പ് നിർവഹിക്കുന്നു. കേരളത്തിലെ പട്ടണപ്രദേശങ്ങളിൽ സെൻസസ് വകുപ്പാണ് ഈ പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. 1964–65-ൽ പൈലറ്റ് പദ്ധതിയായിട്ട് ആവിഷ്ക്കരിച്ച ഈ പദ്ധതി 1965 ജൂലൈ മുതൽ പൂർണ്ണരൂപത്തിൽ നടപ്പാക്കാൻ തുടങ്ങുകയാണുണ്ടായത്. കേരളത്തിൽ തെരഞ്ഞെടുക്കപ്പെട്ട 150 ഗ്രാമങ്ങളിൽ ആണ് പദ്ധതിപ്രകാരമുള്ള കണക്കെടുപ്പ് നടക്കുന്നത്.

2. <u>ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ.</u>—താഴെ വിവരിച്ചിട്ടുള്ള ഉദ്യോഗസ്ഥർ, ഈ പദ്ധതിയുടെ നടത്തിപ്പിൽ വ്യാപൃതരായിരിക്കുന്നു.

| | തസ്തിക | എണ്ണം | റിമാർക്സ് |
|---|---|---|---|
| 1. | പാർട്ട്ടൈം എന്യൂമറേറ്റർമാർ | 150 | ഗ്രാമങ്ങളിൽ |
| 2. | കമ്പ്യൂട്ടർ സൂപ്പർവൈസർമാർ | 13 | |
| 3. | അഡീഷണൽ ഡിസ്ട്രിക്ട് ഓഫീസർമാർ | 12 | |
| 4. | സാമ്പിൾ രജിസ്ട്രേഷൻ ഇൻവെസ്റ്റിഗേറ്റർമാർ | 11* | |
| 5. | റീജിയണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ | 1 | ജില്ലാ ആഫീസുകളിൽ (2–9) |
| 6. | റിസർച്ച് അസിസ്റ്റൻറ് | 1 | |
| 7. | യു. ഡി. കമ്പയിലർ | 1 | |
| 8. | എൽ. ഡി. കമ്പയിലർ | 1 | |
| 9. | കമ്പ്യൂട്ടർ | 1 | |

* വയനാട് ജില്ലാ ഓഫീസിൽ ഈ തസ്തിക ഇപ്പോൾ നിലവിലില്ല.

3. <u>പൊതുപ്രവർത്തനരീതി.</u>—തെരഞ്ഞെടുക്കപ്പെട്ട 150 ഗ്രാമങ്ങളിലും ബേസ്ലൈൻസർവേ നടത്തി അടിസ്ഥാന ജനസംഖ്യ തിട്ടപ്പെടുത്തി കഴിഞ്ഞു. എന്യൂമറേറ്റർമാർ അവിടെ നടക്കുന്ന ഓരോ ജനനവും മരണവും തുടർച്ചയായി റജിസ്റ്റർ ചെയ്യുന്നു. ഓരോ മാസവും രജിസ്റ്റർ ചെയ്ത ജനനമരണങ്ങളുടെ വിവരങ്ങൾ, ഓരോരുത്തരും മാസാന്ത്യ റിപ്പോർട്ടാക്കി ജില്ലാ ഓഫീസർക്കും ഡയറക്ടർക്കും അയയ്ക്കുന്നു. ഡയറക്ടറാഫീസിൽ നിന്നും എല്ലാ മാസവും ഈ കണക്കുകളുടെ സംക്ഷേപം ഭാരത രജിസ്ട്രാർ ജനറലിന് അയച്ചുകൊടുക്കുന്നുമുണ്ട്. മൂന്നുമാസം കൂടുമ്പോൾ എന്യൂമറേറ്റർമാർ സാമ്പിൾ പ്രദേശത്തെ എല്ലാ വീടുകളും സന്ദർശിച്ചു നേരത്തെ വിവരങ്ങൾ ലഭിച്ചിട്ടില്ലാത്ത ജനനങ്ങളോ മരണങ്ങളോ ഉണ്ടെങ്കിൽ അവയുടെ വിവരങ്ങൾ ശേഖരിച്ച്, ത്രൈമാസിക സപ്ലിമെൻററി റിപ്പോർട്ടുകൾ അയക്കുന്നു. ഇതിൻെറ സംക്ഷേപവും ഭാരത രജിസ്ട്രാർ ജനറലിന് അയച്ചുകൊടുക്കുന്നു. ആറുമാസം കൂടുമ്പോൾ, എന്യൂമറേറ്റർമാരിൽ നിന്നും ജനനമരണ റജിസ്റ്ററുകൾ പിൻവലിച്ചിട്ട്, കമ്പ്യൂട്ടർ സൂപ്പർവൈസർമാർ 150 ഗ്രാമങ്ങളിലും വീടുവീടാനന്തര സന്ദർശനം നടത്തി, അർദ്ധവാർഷിക സർവേ നടത്തുന്നു. ഇതിൽ ജനസംഖ്യയിൽ വന്നിട്ടുള്ള മാററങ്ങൾ രേഖ

പ്പെടുത്തുന്നതോടൊപ്പം, അവിടെ ഒരു വർഷത്തിനുള്ളിൽ നടന്ന ഓരോ ജനനത്തിൻെറയും മരണത്തിൻെറയും വിവരങ്ങൾ ശേഖരിച്ച് ജില്ലാ ഓഫീസറെ ഏൽപ്പിക്കുന്നു. സൂപ്പർവൈസർമാർ തയ്യാറാക്കിയ ജനനമരണ പട്ടികകളും എന്യൂമറേററർമാർ നടത്തിയ ജനനമരണപ്പട്ടികകളും, അഡീഷണൽ ജില്ലാ ഓഫീസർ താരതമ്യം ചെയ്യുകയും, വ്യത്യാസങ്ങളോ, കൂടുതൽ കുറവുകളോ ഉണ്ടെങ്കിൽ ആ വീടുകൾ സന്ദർശിച്ച് നിജസ്ഥിതി മനസ്സിലാക്കി റിപ്പോർട്ട് പൂർണ്ണമാക്കി ഡയറക്ടർക്ക് അയയ്ക്കുന്നു. ഡയറക്ടറാഫീസിൽ ഇവ ഒന്നുകൂടി പരിശോധിച്ച് തെററുകൾ വല്ലതുമുണ്ടെങ്കിൽ വിവരങ്ങൾ ശേഖരിച്ച്, തിരുത്തി, ഓരോ സാമ്പിളിലേയും അർദ്ധവാഷിക സർവേ ഫലങ്ങൾ ഭാരത രജിസ്ട്രാർ ജനറലിന് അയയ്ക്കുന്നു. ഈ വിവരങ്ങൾവച്ചുകൊണ്ട്, ജനനമരണനിരക്കുകൾ ജനസംഖ്യാ വർദ്ധന നിരക്ക്, ജനസംഖ്യാ പഠനങ്ങൾക്കാവശ്യമായ മറ്റു അനവധി വിവരങ്ങൾ (ഉദാഹരണമായി, ശിശുമർണ നിരക്ക്, ഫെർട്ടിലിററി നിരക്ക് തുടങ്ങിയവ) എന്നിവയെല്ലാം നിർണ്ണയിക്കാൻ കഴിയുന്നു. പഞ്ചവൽസര പദ്ധതിയുടെ അടിസ്ഥാനഘടകമായ ജനസംഖ്യാ കണക്കുകൾ തൻമൂലം കൃത്യമായി തന്നെ നിർണ്ണയിക്കാൻ സാധിക്കുന്നു. ഡയറക്ടറാഫീസിൽ തയ്യാറാക്കുന്ന വാർഷിക റിപ്പോർട്ടിൻമേൽ വിവരിച്ച നിരക്കുകൾ പ്രതിപാദിക്കുന്നു.

4. 1983–84–ലെ പ്രവർത്തനങ്ങൾ.—1965–ൽ തെരഞ്ഞെടുത്ത 150 ഗ്രാമങ്ങളിൽ തന്നെയാണ് 1981 വരെ ഈ പദ്ധതി നടപ്പാക്കിയിരുന്നത്. എന്നാൽ ഇവയിൽ 75 സാമ്പിളുകൾ നിറുത്തലാക്കി പകരം പുതിയ 75 സാമ്പിളുകൾ 1982–ൽ തെരഞ്ഞെടുത്ത് പ്രവർത്തനം തുടങ്ങിയിരുന്നു. ബാക്കി 75 സാമ്പിളുകൾ റിപ്പോർട്ട് വർഷത്തിൽ നിറുത്തലാക്കുകയും പുതിയ 75 സാമ്പിളുകൾ തെരഞ്ഞെടുത്ത് പാർട്ട് ടൈം എന്യൂമറേറ്റർമാരെ നിയമിക്കുകയും, അവർക്ക് ആവശ്യമായ പരിശീലനം നൽകുകയും ചെയ്തു. മുൻകൊല്ലങ്ങളിലെപ്പോലെ എന്യൂമറേറ്റർമാർ 150 സാമ്പിളുകളിലും ജനനമരണ രജിസ്ട്രേഷൻ നടത്തി. 35–ാമത്തെയും 36–ാമത്തെയും അർദ്ധവാർഷിക സർവേകൾ യഥാക്രമം 1983 ജനുവരി ഒന്നിനും, ജൂലൈ ഒന്നിനും ആരംഭിച്ച് പൂർത്തിയാക്കി ഫലങ്ങൾ ഭാരത രജിസ്ട്രാർ ജനറലിന് അയച്ചുകൊടുത്തു. 1984 ജനുവരി ഒന്നു മുതൽ 37-ാമത് അർദ്ധവാർഷിക സർവേ നടന്നുകൊണ്ടിരിക്കുകയാണ്. രജിസ്ട്രാർ ജനറലിന് മാസാന്ത്യ റിപ്പോർട്ടിൻെറയും ത്രൈമാസിക റിപ്പോർട്ടിൻെറയും സംക്ഷേപങ്ങൾ അയച്ചുകൊടുത്തു. 1980–ലെ വാർഷിക റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. 1981ലെ റിപ്പോർട്ട് തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്.

ജനനമരണ നിരക്കുകൾ (കേരളം—ഗ്രാമപ്രദേശം)

| | 1980 | 1981 |
|---|---|---|
| ജനനനിരക്ക് | 26·8 | 24·9 |
| മരണനിരക്ക് | 7·1 | 6·6 |
| ശിശുമരണനിരക്ക് | 42·5 | 41·2 |

1983–84–ലെ വാർഷിക ചെലവ് കണക്ക് (രൂപ ലക്ഷത്തിൽ)

ഡിപ്പാർട്ടുമെൻറ് എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ്

| ഇനം | ചിലവ് 1982–83 | ചിലവ് 1983–84 |
|---|---|---|
| പദ്ധതി ചിലവ് | 1,09,79,125 | 2,34,69,780 |
| പദ്ധതി ഇതര ചിലവ് | 1,06,96,473 | 1,17,97,371 |

## അദ്ധ്യായം 6

### 1. വ്യാവസായിക സ്ഥിതിഗണിതവിഭാഗം

സംഘടിത വ്യാവസായിക മേഖലയിലെ മുടക്കുമുതൽ വായ്പകൾ, പണിയെടുക്കുന്ന മൊത്തം തൊഴിലാളികളിൽ, അവരുടെ വേതനം, അസംസ്കൃത സാധനങ്ങളുടെ അവശ്യകത, ലഭ്യത, ഉപയോഗം, വികസനത്തിന്റെ സൂചനകളായ ആകെ വ്യാവസായിക ഉൽപ്പാദനമൂല്യം, അറ്റമൂല്യം വിശദാംശങ്ങളെക്കുറിച്ചുള്ള പഠനങ്ങളാണ് പ്രായോഗികമായി ഈ വിഭാഗം നടത്തുന്നത്.

ഈ വ്യാവസായികസ്ഥിതി ഗണിതവിഭാഗത്തിന് ആവശ്യമുള്ള പട്ടികകൾ നാഷണൽ സാംബിൾ സർവെ ഓർഗനൈസേഷൻ അയച്ചുതരുന്നു. അത് പരിശോധിച്ച് സാരണീയനം ചെയ്ത് ഈ വിഭാഗം റിപ്പോർട്ട് തയ്യാറാക്കുന്നു.

ഈ വിഭാഗത്തിൽ ഒരു അസിസ്റ്റൻറ് ഡയറക്ടറും ഒരു റിസർച്ച് ഓഫീസറും രണ്ട് റിസർച്ച് അസിസ്റ്റൻറും ഒരു യൂ. ഡി. കംപയിലറും രണ്ടു എൽ. ഡി. കംപയിലറും ഉൾപ്പെടുന്നു. ഈ സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ഒരു താൽക്കാലിക എൽ. ഡി. കംപയിലറെ കൂടി നിയമിച്ചിട്ടുണ്ട്.

ഈ റിപ്പോർട്ടു വർഷത്തിൽ 1977–78-ലെ റിപ്പോർട്ടിന്റെ ശരിപ്പകർപ്പ് പരിശോധിച്ചു അച്ചടിക്കുന്നതിന് വേണ്ടി ഗവൺമെൻറ് പ്രസ്സിലേക്ക് അയച്ചു കൊടുത്തു. 1978-79-ലെ റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ 1979-80-ലെ പട്ടികകൾ പരിശോധിച്ചു സാരണീയനം ചെയ്യുകയും 1980-81-ലെ പട്ടികകൾ പരിശോധിച്ചു കൊണ്ടിരിക്കുകയുമാണ്.

ഇതുകൂടാതെ സംസ്ഥാനവരുമാന നിർണ്ണയ വിഭാഗത്തിന് ആവശ്യമുള്ള 1980–81, 1981–82 എന്നീ വർഷങ്ങളിലെ തൊഴിലാളികളുടെ എണ്ണം അവ മൂല്യനം, വ്യവഹാരമൂല്യസങ്കലനം എന്നിവ ഈ വിഭാഗം തിട്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

### 2. വ്യവസായ ഉൽപന്നസൂചിക സ്ഥിതിവിവരകണക്ക്

വ്യവസായരംഗത്തെ വികസനം കണക്കാക്കാൻ വ്യവസായ ഉൽപ്പന്ന സൂചിക സഹായിക്കുന്നു. കേരളസർക്കാർ 24–7–1975-ൽ നൽകിയ കൽപ്പന 280/75/PLC പ്രകാരമാണ് ഈ സൂചിക തയ്യാറാക്കാൻ തുടങ്ങിയത്.

ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം ത്രൈമാസിക വാർഷിക ഉൽപ്പന്ന സൂചിക റിപ്പോർട്ടുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുക എന്നതാണ്. സൂചനാ വർഷം 31–3–1981, 30–6–1981, 30–9–1981, 31–12–1981 എന്നീ കാലയളവിലെ ത്രൈമാസിക റിപ്പോർട്ടുകളും 1980–81-ലെ വാർഷിക റിപ്പോർട്ടും പ്രസിദ്ധീകരിക്കുകയുണ്ടായി. കൂടാതെ 31–3–1982-ലെ റിപ്പോർട്ടും 1981–82-ലെ വാർഷിക റിപ്പോർട്ടും തയ്യാറാക്കുകയും ചെയ്തു. 30–6–1982-നു ശേഷമുള്ള റിപ്പോർട്ടുകൾ ശേഖരിക്കുകയും അവയുടെ സൂചിക തയ്യാറാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. സെൻട്രൽ സ്റ്റാറ്റിസ്റ്റിക്സിൽ ഓർഗനൈസേഷനാണ് ഈ സൂചിക തയ്യാറാക്കാനുള്ള മാർഗ്ഗനിർദ്ദേശം നൽകിയിട്ടുള്ളത്.

ഈ വിഭാഗത്തിൽ ജോലി ചെയ്യുന്നവർ.

| | | |
|---|---|---|
| അസിസ്റ്റൻറ് ഡയറക്ടർ | .. | 1 |
| റിസർച്ച് ഓഫീസർ | .. | 6 |
| എൽ. ഡി. കംപൈലർ | .. | 2 |
| എൽ. ഡി. ക്ളാർക്ക് | .. | 1 |
| പ്യൂൺ | .. | 1 |

### 3. കയറ്റുമതി ഇറക്കുമതി സ്ഥിതിവിവരക്കണക്ക്

കൊച്ചി തുറമുഖം വഴി ഏതാണ്ട് തൊണ്ണൂറ്റിരണ്ട് വിദേശരാജ്യങ്ങളുമായി നടത്തുന്ന കയറ്റുമതി ഇറക്കുമതിയുടെ ദൈനംദിനസ്ഥിതിവിവരകണക്കുകൾ, കസ്റ്റംസ് കളക്ടർ ഓഫീസിൽ നിന്നും ശേഖരിക്കുകയും അവയെ ക്രോഡീകരിച്ചു വാർഷികറിപ്പോർട്ടുകളായ് പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നു. സൂചനാ വർഷം 1981-82-ലെ കേരളത്തിലെ കടൽ മാർഗ്ഗകയററുമതി ഇറക്കുമതി വിവരങ്ങൾ സംഗ്രഹിക്കുകയും സമാഹരിക്കുകയും ചെയ്തു. കേരളത്തിൻെറ സാമ്പത്തികസ്ഥിതി അറിയുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള അളവുകോലാണ് ഈ സ്ഥിതിവിവരക്കണക്കുകൾ

ഈ വിഭാഗത്തിൽ ജോലി ചെയ്യുന്നവർ

| | | |
|---|---|---|
| റിസർച്ച് അസിസ്ററൻറ് | .. | 1 |
| യു. ഡി. കംപൈലർ | .. | 1 |
| എൽ. ഡി. കംപൈലർ | .. | 1 |

## അദ്ധ്യായം 7

## തൊഴിൽ സ്ഥിതിവിവരക്കണക്കു വിഭാഗം

ഡയറക്ടറേററ് ഓഫ് ഇക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്ററിക്സ് ഡിപ്പാർട്ടുമെൻറിലെ തൊഴിൽ സ്ഥിതിവിവരക്കണക്കു വിഭാഗം 1983-84-ൽ തയ്യാറാക്കിയിട്ടുള്ള പ്രധാനപ്പെട്ട വിവരങ്ങളുടെ ചുരുക്കമാണ് താഴെക്കൊടുത്തിട്ടുള്ളത്.

തൊഴിൽ വിഭാഗം ചെയ്യേണ്ടുന്ന പ്രവൃത്തികൾ.—1948-ലെ ഫാക്ടറീസ് ആക്ട് പ്രകാരം രജിസ്ററർ ചെയ്ത ഫാക്ടറികളിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ വാർഷിക റിപ്പോർട്ടും ബന്ധപ്പെട്ട സ്റ്റേററുമെൻറുകളും തയ്യാറാക്കി ലേബർ ബ്യൂറോക്ക് അയയ്ക്കുക, 1936-ലെ വേതനം നൽകുന്ന നിയമമനുസരിച്ച് വാർഷിക സ്റേററുമെൻറുകളും പട്ടികകളും റിപ്പോർട്ടുകളും തയ്യാറാക്കി ലേബർ ബ്യൂറോക്ക് അയയ്ക്കുക, ജില്ലാ ലേബർ ഓഫീസർമാർ ശേഖരിച്ചയച്ചുതരുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പണിമുടക്ക്, അടച്ചുപൂട്ടൽ, ലേ ഓഫ്, റിട്രഞ്ചുമെൻറ്, ഘേരാവോ എന്നിവ സംബന്ധിച്ച പ്രതിമാസ റിപ്പോർട്ടുകൾ തയ്യാറാക്കി ലേബർ ബ്യൂറോക്ക് അയച്ചുകൊടുക്കുക, 1961-ലെ പ്രസവാനുകൂല്യ നിയമപ്രകാരം വാർഷിക റിപ്പോർട്ടുകളും സ്റേററുമെൻറുകളും തയ്യാറാക്കി ലേബർ ബ്യൂറോക്ക് അയച്ചുകൊടുക്കുക. 1948 ഫാക്ടറീസ് ആക്ട് പ്രകാരം അർദ്ധവാർഷിക റിപ്പോർട്ടുകളും സ്റേററുമെൻറുകളും തയ്യാറാക്കി ലേബർബ്യൂറോക്ക് അയച്ചുകൊടുക്കുക എന്നിവയാണ്.

തൊഴിൽ വിഭാഗത്തിൽ ഒരു അസിസ്ററൻറ് ഡയറക്ടർ, ഒരു റിസർച്ചു അസിസ്ററൻറ്, രണ്ടു യൂ. ഡി. കംപൈലറന്മാർ, ആറ് എൽ. ഡി. കംപയിലറന്മാർ എന്നിവർ ജോലി ചെയ്യുന്നുണ്ട്.

1983-84-ൽ കൈകാര്യം ചെയ്ത പ്രധാനപ്പെട്ട വിവരങ്ങൾ.—1948-ലെ ഫാക്ടറീസ് ആക്ട് പ്രകാരം രജിസ്ററർ ചെയ്ത ഫാക്ടറികൾ 1981-ലേക്കുള്ള സ്ഥിതി വിവരക്കണക്കുകൾ ഡയറക്ടറേററ് ഓഫ്-ഫാക്ടറീസ് ആൻറ് ബോയിലേഴ്സിലേക്ക് അയച്ചു കൊടുത്തു. അവിടെ നിന്നും ലഭിക്കുന്ന വിവരങ്ങൾ സൂക്ഷ്മപരിശോധനക്കു ശേഷം സമാഹരിച്ചു വാർഷികറിപ്പോർട്ടും ബന്ധപ്പെട്ട സ്റേററുമെൻറുകളും തയ്യാറാക്കി സിംലായിലെ ലേബർ ബ്യൂറോക്ക് അയച്ചുകൊടുത്തു.

1936-ലെ വേതനം നൽകുന്ന നിയമമനുസരിച്ച് പ്രതിമാസം 400 രൂപയ്ക്കു മുകളിൽ 1000 രൂപയിൽ താഴെ വരുമാനമുള്ള തൊഴിലാളികൾക്കു ലഭിക്കുന്ന വേതനത്തിൻെറയും അവരിൽ നിന്നും ഈടാക്കുന്ന തുകയുടേയും വിശദമായ വിവരങ്ങൾ ഡയറക്ടർ ഓഫ് ഫാക്ടറീസ് ആൻഡ് ബോയിലേഴ്സിൽ നിന്നും ശേഖരിച്ചു പുനഃപരിശോധന നടത്തി പട്ടികകൾ, വാർഷിക സ്റ്റേറ്റുമെൻറുകൾ, റിപ്പോർട്ടുകൾ, ഇവ തയ്യാറാക്കി ലേബർ ബ്യൂറോക്ക് അയച്ചുകൊടുത്തു.

ജില്ലാ ലേബർ ഓഫീസറന്മാർ ശേഖരിച്ചു അയച്ചു തരുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ ഫാക്ടറികളിലും തോട്ടങ്ങളിലും മററു സ്ഥാപനങ്ങളിലും ഉണ്ടായിട്ടുള്ള പണിമുടക്ക്, അടച്ചുപൂട്ടൽ, ക്ലോസർ, ലേഓഫ്, റിട്രഞ്ചുമെൻറ്, ഘേരാവോ എന്നിവ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ അടങ്ങിയ പ്രതിമാസ റിപ്പോർട്ടുകൾ തയ്യാറാക്കി ലേബർ ബ്യൂറോക്ക് അടച്ചുകൊടുത്തു.

1961-ലെ പ്രസവാനുകൂല്യ നിയമപ്രകാരം ഫാക്ടറികളിലേയും തോട്ടങ്ങളിലേയും സ്ത്രീ തൊഴിലാളികൾക്ക് കൊടുത്തിട്ടുള്ള ആനുകൂല്യങ്ങളെ സംബന്ധിച്ചുള്ള വാർഷിക റിപ്പോർട്ടു ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും വരുത്തി സംയോജിത സ്റേററുമെൻറും റിപ്പോർട്ടും തയ്യാറാക്ക സിംലായിലെ ലേബർ ബ്യൂറോക്ക് അയച്ചുകൊടുത്തു.

1948-ലെ ഫാക്ടറീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഫാക്ടറികളിൽ 1982 ആദ്യവർഷത്തെ തൊഴിൽ വാരത്തെക്കുറിച്ചുള്ള റിപ്പോർട്ടുകൾ പരിശോധിച്ചു റിപ്പോർട്ടുകളും സ്റ്റേറ്റുമെൻറുകളും തയ്യാറാക്കി ലേബർബ്യൂറോക്ക് അയച്ചുകൊടുത്തു.

1948-ലെ ഫാക്ടറീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഫാക്ടറികൾ 1982-ലേക്ക് ഡയറക്ടർ ഓഫ് ഫാക്ടറീസ് ആൻറ് ബോയിലേഴ്സിൽ സമർപ്പിച്ച സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടുകൾ സിംലായിലെ ലേബർ ബ്യൂറോക്ക് അയച്ചു കൊടുക്കാൻ തയ്യാറെടുത്തുകൊണ്ടിരിക്കുന്നു.

ഭവനനിർമ്മാണകണക്കുകളും വേതനഘടന സർവെയും.—ഈ വിഭാഗം റിപ്പോർട്ടുവർഷത്തിൽ, ഭവന നിർമ്മാണരംഗത്തെ പ്രവർത്തനങ്ങളെക്കുറിച്ചും കെട്ടിടനിർമ്മാണജോലിക്കാരുടെയും വ്യാപാരസ്ഥാപനങ്ങളിലെ ജോലിക്കാരുടെയും വേതനഘടനയെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും അവ വിശകലനം ചെയ്ത ആവശ്യാനുസരണമുള്ള റിപ്പോർട്ടുകളും പട്ടികകളും തയ്യാറാക്കുകയും ചെയ്തു.

1. ഭവനനിർമ്മാണം.—രാജ്യത്തുള്ള താമസസൗകര്യവും അതിന്റെ പുരോഗതിയും വിലയിരുത്തുന്നതിനായി കാലാകാലങ്ങളിൽ കെട്ടിടങ്ങളും വാസഗൃഹങ്ങളും നിർമ്മിക്കുന്നതിന്റെ കണക്ക് ഇൻഡ്യാ ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള ദേശീയ കെട്ടിട നിർമ്മാണ സമിതിയുടെ നിർദ്ദേശ പ്രകാരം കേരളത്തിലെ എല്ലാ പട്ടണപ്രദേശങ്ങളിൽ നിന്നും എല്ലാ നഗര പ്രദേശങ്ങളിൽ നിന്നും എല്ലാ ത്രൈമാസികാന്ത്യങ്ങളിലും ശേഖരിക്കുന്നുണ്ട്.

മുനിസിപ്പൽ ഭരണവകുപ്പു ഡയറക്ടർ ആഫീസിലെ ഭവന നിർമ്മാണ സ്ഥിതിവിവരക്കണക്കുവിഭാഗം കേരളത്തിലുള്ള മുനിസിപ്പാലിറ്റികൾ പണിയാൻ അനുവാദം നൽകിയ സ്വകാര്യ മേഖലയിലുള്ള കെട്ടിടനിർമ്മാണ പ്രവർത്തനങ്ങളുടെ പാദവാർഷിക (ത്രൈമാസിക) കണക്കുകൾ 30–6–1982 മുതൽ 30–6–1983 വരെയുള്ള കാലയളവിലേക്കുള്ളവ ശേഖരിച്ചു സഞ്ചിതപ്പെടുത്തിയ വിവരപ്പട്ടികകൾ സൂക്ഷ്മപരിശോധനയ്ക്കായി ഈ വിഭാഗത്തിലേക്ക് അയച്ചുതരികയും ഇവിടെ സൂക്ഷ്മപരിശോധനയ്ക്കു ശേഷം പട്ടികകൾ ഡൽഹിയിലുള്ള ദേശീയ കെട്ടിട നിർമ്മാണ സമിതിക്ക് അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മുനിസിപ്പൽ ഭരണവകുപ്പുഡയറക്ടർ ഓഫീസിൽ സാമ്പത്തിക സ്ഥിതിവിവരവകുപ്പിലെ ഒരു റിസർച്ച് അസിസ്റ്റന്റും രണ്ടു് കംപൈലറന്മാരും പ്രവർത്തിക്കുന്നുണ്ട്.

സാമ്പത്തിക സ്ഥിതിവിവര വകുപ്പു നേരിട്ടുതന്നെ സംസ്ഥാനത്തെ മൂന്നു മുനിസിപ്പൽ കോർപ്പറേഷനുകളിൽ നിന്നും കെട്ടിടനിർമ്മാണ പ്രവർത്തനങ്ങളെപ്പററിയുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയുണ്ടായി. തിരുവനന്തപുരം, കോർപ്പറേഷനിൽ നിന്നും 31–3–1983 മുതൽ 31–12–1983 വരെയും കൊച്ചിയിൽ കോർപ്പറേഷനിൽ നിന്നും 31–12–1981 മുതൽ 31–3–1983 വരെയുള്ള കാലയളവിലേക്കുള്ള വിവരങ്ങളും ശേഖരിക്കുകയുണ്ടായി. ഈ കാലയളവിൽ തിരുവനന്തപുരം കോർപ്പറേഷനിലെ 31–3–1982 മുതൽ 31–12–1983 വരെയും കൊച്ചി കോർപ്പറേഷനിൽ നിന്നും 31–3–1981 മുതൽ 31–3–1983 വരെയും കോഴിക്കോട് കോർപ്പറേഷനിലെ 31–3–1981 മുതൽ 31–12–1981 വരെയും കാലയളവിലേക്കുള്ള കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരങ്ങൾ സഞ്ചിതപ്പെടുത്തിയ പട്ടികകൾ ദേശീയ കെട്ടിടനിർമ്മാണസമിതിക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

സംസ്ഥാനത്തെ പൊതുമരാമത്തു വകുപ്പിലും സാമ്പത്തിക സ്ഥിതിവിവര വകുപ്പിനോടനുബന്ധിച്ചുള്ള അതേ ഹെഡിൽ നിന്നും ശമ്പളം വാങ്ങുന്ന ഒരു കെട്ടിട നിർമ്മാണ സ്ഥിതിവിവരകണക്കു വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഒരു റിസർച്ച് ഓഫീസറും രണ്ടു കംപൈലറന്മാരും അവിടെ പ്രവർത്തിയെടുക്കുന്നുണ്ട്.

ഈ വിഭാഗം പൊതുമരാമത്ത് വകുപ്പിൽ നിന്നും ഇരുപതിനായിരം രൂപയ്ക്കു മേൽ ചെലവുചെയ്ത് നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ സ്ഥിതിവിവരക്കണക്കുകൾ അർദ്ധവാർഷിക ക്രമത്തിൽ ശേഖരിച്ചത് 31–3–1982 കാലയളവിലേക്കുള്ളത് സഞ്ചിതപ്പെടുത്തിയ പട്ടികകൾ സൂക്ഷ്മപരിശോധനയ്ക്കായി ഈ ഓഫീസിലേക്കയച്ചു തരികയും അവ ദേശീയ കെട്ടിട നിർമ്മാണ സമിതിയിലേക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

ഇവ കൂടാതെ സാമ്പത്തിക സ്ഥിതിവിവര വകുപ്പിലുള്ള ഭവന നിർമ്മാണ സ്ഥിതിവിവരവിഭാഗം കെട്ടിടനിർമ്മാണ സാധനങ്ങളുടെ വിലനിലവാരവും കെട്ടിട നിർമ്മാണ ജോലിക്കാരുടെ വേതന നിരക്കും സംബന്ധിച്ച വിവരങ്ങൾ എല്ലാ കെട്ടിട നിർമ്മാണജോലിക്കാരുടെ വേതനനിരക്കും സംബന്ധിച്ച വിവരങ്ങൾ എല്ലാ ജില്ലാ തലസ്ഥാനങ്ങളിൽ നിന്ന് ശേഖരിച്ച് സഞ്ചിതപ്പെടുത്തി ഓരോ ത്രൈമാസികങ്ങളിലേക്കുമുള്ള സ്ഥിതിവിവരപ്പട്ടികകൾ തയ്യാറാക്കി ഈ കാലയളവിൽ ദേശീയ കെട്ടിടനിർമ്മാണസമിതിയിലേക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

കൂടാതെ കേരളത്തിലെ കെട്ടിടനിർമ്മാണച്ചിലവിന്റെ 1982-ലേക്കുള്ള സൂചിക, 1971-ലേത് അടിസ്ഥാനപ്പെടുത്തി തിരുവനന്തപുരം കേന്ദ്രത്തിന്റേത് തയ്യാറാക്കുകയും ദേശീയ കെട്ടിടനിർമ്മാണസമിതിയിലേക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഭാഗത്തിൽ ഒരു റിസർച്ച് ഓഫീസറും ഒരു റിസർച്ച് അസിസ്റ്റന്റും ഒരു കമ്പയിലറും ആണ് പ്രവർത്തിയെടുക്കുന്നത്.

2. വേതന ഘടനാ സർവെ.—വേതന ഘടനാ സർവെ മുൻരീതിയനുസരിച്ച് 1983–84 വർഷത്തിൽ മൂന്നു ത്രൈമാസികങ്ങളിൽ നടത്തപ്പെട്ടു.

നഗരങ്ങളിലേയും ഗ്രാമപ്രദേശങ്ങളിലേയും മൊത്തവ്യാപാരസ്ഥാപനങ്ങളിലും ചില്ലറ വ്യാപാര സ്ഥാപനങ്ങളിലും നിലവിലുള്ള വേതന നിരക്കുകളും നിർമ്മാണമേഖലയിലെ വിവിധ വിഭാഗം തൊഴിലാളികളുടെ വേതനനിരക്കും ശേഖരിക്കുകയാണ് ഈ സർവെയുടെ ഉദ്ദേശം. ഇതിൽ ശേഖരിക്കുന്ന വിവരങ്ങൾ ദേശീയ വരുമാനവും പ്രതിശീർഷവരുമാനവും കണക്കാക്കുന്നതിനു ഉപയോഗിക്കപ്പെടുന്നുണ്ട്.

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നഗരപ്രദേശങ്ങളിലും തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിലെ ജോലിക്കാരുടെ വേതനവിവരങ്ങൾ ഓരോ ത്രൈമാസികാന്ത്യവും ഓരോ ജില്ലയിലും ഇതിനുവേണ്ടി നിയോഗിക്കപ്പെട്ടിട്ടുള്ള ഇൻവെസ്റ്റിഗേറ്റർ ശേഖരിച്ച് അയച്ചുതരുന്നതും അവ ഈ വിഭാഗത്തിൽ സൂക്ഷ്മപരിശോധന നടത്തി സഞ്ചിതപ്പെടുത്തി പട്ടികകളും റിപ്പോർട്ടുകളും തയ്യാറാക്കുന്നതാണ്. റിപ്പോർട്ടുവർഷം 1982–83-ലെ 4 ത്രൈമാസികങ്ങളിലെ പട്ടികകൾ തയ്യാറാക്കിയിട്ടുണ്ട്. ഈ വിഭാഗത്തിൽ വയനാട് ഒഴിച്ചുള്ള 11 ജില്ലകളിലും ഓരോ ഇൻവെസ്റ്റിഗേറ്റന്മാരും ഹെഡ് ഓഫീസിൽ ഒരു റിസർച്ച് അസിസ്റ്റന്റും ഒരു കമ്പയിലറും പ്രവർത്തിയെടുക്കുന്നുണ്ട്.

റിപ്പോർട്ട് വർഷം 1972 മുതൽ 1980 വരെയുള്ള കാലഘട്ടത്തിൽ ഭവന നിർമ്മാണ സാമഗ്രികളുടെ വിലനിലവാരം വേതനക്രമം തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് "ഭവനനിർമ്മാണസ്ഥിതിവിവരക്കണക്കുകൾ 1982" എന്ന ഒരു വിവരണിക പുറത്തിറക്കിയിട്ടുണ്ട്.

